# നാലുമണിപൂവ്


**സമഗ്രം | സമ്പൂർണ്ണം | ആധികാരികം**

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ**

- കഥ
- കവിത
- ചരിത്രം
- ലേഖനം
- ശാസ്ത്രം
- ആരോഗ്യം
- ആനുകാലികം
- വിവരസാങ്കേതികവിദ്യ

little KITEs

ഗവ.ഹൈസ്കൂൾ കല്ലൂർ




LITTLE KITES (Clik here)

# Nalumanipoovu

# നാലുമണിപ്പൂവ്

## ഡിജിറ്റൽ മാഗസിൻ

ഗവ. ഹൈസ്കൂൾ കല്ലൂർ
നൂൽപ്പുഴ, വയനാട്
ghskalloor@gmail.com

CC BY SA



## ബാലൻ വി

**ചെയർമാൻ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി**
**നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്**

*It gives me immense pleasure to note that GHS Kalloor Little KITES is publishing a magazine "NALUMANIPOOVU" for the year 2018-19.*

*Let the magazine reflect the creative talent of the students and teachers of this school and highlight the great values and rich treditions of our school.*

*I congratulate the HM,Staff and students of this school and wish them all success in their endeavour.*

*With warm regards*
*Balan V*



## ദീപ ഷാജി

മെമ്പർ, വാർഡ് 6
നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്

*I am very happy to know that GHS Kalloor is bringing out its magazine for the Year 2018-19.*

*I hope that the magazine will be a commemorative volume of everlasting memories.*

*It will expose the inborn talents of students and staff.*
*I wish all success for the endeavour.*

*With warm regards*
*Deepa Shaji*

# *Our beloved Headmaster*



**RAVEENDRAN E N**
**HEADMASTER**

# Headmaster's Voice

കല്ലൂർ ഗവ: ഹൈസ്കൂളിലെ
വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ
വെളിപ്പെടുത്തുന്ന ചെറിയൊരു
സംരംഭമാണിത് .
ചെറുതെങ്കിലും മികവാർന്ന സൃഷ്ടികൾ
ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന
ഈ മാഗസിൻ സസന്തോഷം
സമർപ്പിക്കട്ടെ.
പൂർണ്ണതയിൽ എത്തിക്കാൻ
കഴിഞ്ഞെങ്കിലും
പരിമിതികൾക്കുള്ളിൽ നിന്നും
പുറത്തിറങ്ങുന്ന
ഈ മാഗസിൻ ഹൃദയപൂർവ്വം
സ്വീകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്
സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ,

രവീന്ദ്രൻ ഇ എൻ
ഹെഡ്മാസ്റ്റർ.

# Editors Desk

*The publication of this school magazine is a major milestone in the progress and development of the school, just like an army marching on its stomach. The magazine will open a window of opportunity to many people who will know that as an institution, we are destined to the bright future.*

*It ignites pleasure and satisfaction in me to ensure about the great stride gained by*

***LITTLE KITES GHSS KALLOOR.***

*We are creating a future full of optimism and enthusiasm, a future where every endeavour will succeed and ineptitude and disillusionment will be something of the past.*

*Staff Editor*

***Sudha T***

# Student Editors Desk

*I am really proud and exuberant to acclaim that we are ready with all new hopes and hues to bring out the Digital magazine "NALUMANIPOO", which will surely unfold the unravelled world of the most unforgettable and precious moments of the school. The enthusiastic write ups of our young writers are indubitably sufficient to hold the interest and admiration of the readers.*

*Student Editor*

***Anuvaya P S***

# Nalumanipoovu

Chief Editor : E N Raveendran (Headmaster)

Staff Editor : Sudha T

Student Editors : Anuvaya P S

Editorial Board : Baby Reena (Senior Assistant)

Ramya K R

Basheer C M

Dhanya kT

Ratheesh Kumar B

Drawings : Vijaya.K.K, Bijin

Cover : Sachin Thankachan, Ajith

**Design & Layout Little KITEs GHSS KALLOOR**


Little
KITEs
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ
ഇന്ത്യയിലെ കുട്ടികളുടെ
ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ
www.kite.kerala.gov.in

# താളുകളിലൂടെ


കല്ലൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ...............12
ഓർമ്മകളുടെ ശ്രാദ്ധം......................................18
വിവര സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ.......19
വിദ്യാലയം......................................................21
ഓർമ്മകൾ.......................................................22
അനന്തത്തെ അറിഞ്ഞ മനുഷ്യൻ......................25
പരമാർത്ഥം.....................................................29
ആധുനിക കേരളം...........................................33
ലോകമഹാത്ഭുതങ്ങൾ.......................................34
പ്രചോദിക......................................................39
പ്രഥമ ശുശ്രൂഷ...............................................40
മാതൃഭാഷ.......................................................44
ഹർഗോവിന്ദ് ഖുരാന.......................................45
മൗനം............................................................47
ആഗോളതാപനം..............................................48
സൗഹൃദം.......................................................52
അമ്മ..............................................................52
കൗമാര ആരോഗ്യം..........................................53
മാറ്റം.............................................................57
നഷ്ട ബാല്യം..................................................58
"അമ്മ" .........................................................59
തൊഴിലാളികളുടെ മഹത്വം...............................62
ഊർജ്ജോപഭോഗം നിയന്ത്രിക്കുക....................63
രക്തദാനം മഹാദാനം.....................................65
What they are missing ?.................................66
Under the shade of love..................................67
" एक अनजान दर्द "..........................................68










# കല്ലൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ നൂൽപ്പുഴയുടെ ജനകീയ വിദ്യാലയം

ചരിത്രം




നാട്ട്ചരിതമുറങ്ങുന്ന വയനാടിന്റെ ഹൃദയത്തുടിപ്പുകൾ നെഞ്ചിലേറ്റിവാങ്ങി ഒരായിരം വിജയഗാഥകൾ രചിച്ച് മുന്നേറുന്ന കല്ലൂർ ഗവ.ഹയർസെക്കണ്ടറിസ്കൂൾ 128-ാം പിറന്നാളിന്റെ നിറവിലാണ്.


നൂൽപ്പുഴ പഞ്ചായത്തിന്റെ വിദ്യാതട്ടകത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ട മഹനീയ സ്ഥാപനമായി മാറുവാൻ ഇന്ന് ഈ വിദ്യാലയത്തിന് കഴിഞ്ഞിരിക്കുന്നു. ഒരു ശതാബ്ദത്തിലേറെയായി അക്ഷര വെളിച്ചത്തോടൊപ്പം കലാകായിക-ശാസ്ത്ര-സാംസ്കാരിക-രംഗങ്ങളിൽ മികവുകളുടെ വർണ്ണക്കാഴ്ച യൊരുക്കി , പുതുസ്വപ്നങ്ങൾക്ക് ഊടും പാവും തീർത്ത്, ഗ്രാമചേതനക്ക് പുത്തനുണർവ്വ് പകർന്ന് മുന്നേറുകയാണ് വിദ്യാലയ മുത്തശ്ശി. സമൃദ്ധമായ ശിഷ്യ സമ്പത്തും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനവധി വ്യക്തിത്വങ്ങളും വിദ്യാലയത്തിന്റെ യശ്ശസ്സിനെ വാനോളമുയർത്തിയിരിക്കുന്നു . പാഠ്യപദ്ധതിയും പഠനതന്ത്രങ്ങളും കാലാനുശ്രിതമായി പരിവർത്തിതമായപ്പോൾ വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും പഠന സങ്കേതങ്ങളും ഒരു പരിധിവരെ ആധുനികവത്ക്കരിക്കപ്പെട്ടു. വിദ്യാഭ്യാസ വകുപ്പ്, തദ്ദേശഭരണ വകുപ്പ്, പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ്, ആരോഗ്യ വകുപ്പ്,അധ്യാപക രക്ഷകർതൃ സമിതി

എന്നിവയുടെ കർമ്മ പദ്ധതികൾ ഈ വിദ്യാലയത്തിന്റെ മുഖഛായമാറ്റി വിദ്യാലയാന്തരീക്ഷം ശിശു സൗഹൃദ മാക്കിയിരിക്കുന്നു. നൂൽപ്പുഴ പഞ്ചായത്തിന്റെ വിദ്യാനഭസ്സിൽ ആഴത്തിൽ ജ്വലിക്കുന്ന അറിവിന്റെ അക്ഷരനാളമായ് കല്ലൂർ ഗവ.ഹയർസെക്കണ്ടറി സ്കൂൾ മാറിയിരിക്കുന്നു.




വയനാട് ജില്ലയിലെ ആദ്യകാല വിദ്യാലയങ്ങളിൽ ഒന്നായ കല്ലൂർ ഗവ .ഹയർ സെക്കണ്ടറി സ്കൂൾ നൂൽപ്പുഴ പഞ്ചായത്തിലെ ആറാം വാർഡിൽ ദേശീയപാത 212 ന്റെ പാർശ്വഭാഗത്തായി സ്ഥിതിചെയ്യുന്നു . മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഈ വിദ്യാലയത്തിന്റെ ആരംഭം 1889 ൽ ആണെന്ന് കരുതപ്പെടുന്നു.ആദ്യകാല അധ്യാപകൻ തലശ്ശേരിക്കരനായ ശ്രീ.മാധവൻ നായർ ആണെന്ന് പറയപ്പെടുന്നു. 1990 വരെ നൽപ്പുഴ പഞ്ചായത്തിലെ ഏക ഹൈസ്കൂളും ഈ വിദ്യാലയം തന്നെ. വിദ്യാലയത്തിന്റെ ആരംഭം ബ്രിട്ടീഷ് സർക്കാരിന്റെ നയമപരമായ തീരുമാനത്തിന്റെ ഫലമാണെന്ന് കരുതപ്പെടുന്നു . ഭരണ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് കുറെയേറെ സാക്ഷരർ ഉണ്ടേകേണ്ടത് ബ്രിട്ടീഷ് സർക്കാരിന്റെ ആവശ്യമായിരുന്നു .ഈ ലക്ഷ്യത്തോടെ എല്ലാ അംശങ്ങളലും ഓരോവിദ്യാലയം വീതം ആരംഭിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റ് തീരുമാനിച്ചു.ഇതിന്റെ ഫലമായാണ് നൂൽപ്പുഴ കല്ലൂരിൽ ഒരു എലിമെന്ററിസ്കൂൾ ആരംഭിച്ചത്. ബത്തേരിയിലെ നിർത്തലാക്കപ്പെട്ട ഗവ .മാപ്പിള യു.പി സ്കൂൾ ഇതോടൊപ്പം ആരംഭിച്ചതായി പറയപ്പെടുന്നു.

ആദ്യകാലത്ത് വളരെ കുറച്ച് കുട്ടികൾ മാത്രമേ അധ്യയനത്തിന് എത്തിയിരുന്നുള്ളു. അന്ന് സ്കൂളിന്റെ വളർച്ച വളരെ പതുക്കെയായിരുന്നു . കുട്ടികൾ ക്ലാസ്സിലെത്താത്തതായിരുന്നു പ്രധാന പ്രശ്നം . എല്ലാ ക്ലാസ്സുകൾക്കും കൂടി ഒരധ്യാപകൻ, ഒരു ക്ലാസ്സിൽ രണ്ട് മൂന്ന് കുട്ടികൾ ഇതായിരുന്നു സ്ഥിതി .കുട്ടികൾ ഇല്ലാത്തതിനാൽ 1943 ൽ സ്കൂൾ പൂട്ടേണ്ടി വന്നതായി യശ്ശ:ശരീരനായ ബാലൻ മാഷിന്റെ വാക്കുകളെ ഉദ്ധരിച്ച് ദീർഘകാലം പി.ടി.എ പ്രസിഡന്റായിരുന്ന ഫാദർ ജോസഫ് കട്ടക്കയം പറയുന്നു. ബാലൻ മാഷിന്റെയും മറ്റും ശ്രമഫലമായി വീടുകൾതോറും കയറിയിറങ്ങി കുട്ടികളെ സ്കൂളിൽ എത്തിച്ച് സ്കൂൾ വീണ്ടും ആരംഭിച്ചു.




1889 മുതൽ 1956 വരെയുള്ള കാലഘട്ടത്തിൽ സ്കൂൾ പല സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്നു. അൽപ്പകാലം തേക്കുബറ്റയിലും നായ്ക്കുട്ടിയിലും പ്രവർത്തിച്ചിരുന്ന എലമെന്ററി സ്കൂൾ എന്ന നിലയിൽ സ്ഥാപനം കൂടുതൽകാലം പ്രവർത്തിച്ചത് , ഇപ്പോൾ കല്ലൂർ ടൗണിൽ മുസ്ലീം പള്ളിയുടെ മുന്നിലായി സ്ഥിതി ചെയ്യുന്ന ഓടിട്ട കെട്ടിടത്തിലാണ്. അഞ്ചാം ക്ലാസ്സ്കൂടി വന്നതോടെ പള്ളിയുടെ സമീപത്തുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിലും ആരോഗ്യ സബ്കേന്ദ്രം സ്ഥിതിചെയ്യുന്ന ഷെഡ്ഡിലും ക്ലാസ്സുകൾ നടത്തുകയുണ്ടായി.

സ്കൂളിന്റെ ആദ്യകാലത്തെ പേരിനെ സംബന്ധിച്ച് പല അഭിപ്രായങ്ങളാണുള്ളത്. ബോയ്സ് എലമെന്ററി സ്കൂൾ നൂൽപ്പുഴ, ബോർഡ് ബോയ്സ് എലമെന്ററി സ്കൂൾ, നൂൽപ്പുഴ എലമെന്ററി സ്കൂൾ എന്നിങ്ങനെ വിവിധ പേരുകളും രേഖകളിൽ കാണുന്നു. 1939 ലെ കുട്ടികളുടെ ഹാജർ പട്ടിക പരിശോധിച്ചതിൽ ഹിന്ദു ബോർഡ് ബോയ്സ് എലിമെന്ററി സ്കൂൾ എന്നാണ് സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്നത്. 1956 ൽ സ്ഥാപനം അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. 6,7 ക്ലാസ്സുകൾ കൂടി ആരംഭിച്ചതോടെ കല്ലൂരിലെ സ്ഥലസൗകര്യം പരിമിതമായി. തുടർന്ന് കല്ലൂർ 66 ൽ ഇപ്പോൾ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് സ്ഥാപനം മാറ്റപ്പെട്ടു . അപ്പർ പ്രൈമറിയായി ഉയർത്തപ്പെട്ടപ്പോൾ സ്കൂളിന്റെ പേര് ഗവ .യുപി സ്കൂൾ നൂൽപ്പുഴ എന്നായി.വടകര സ്വദേശിയായ കർത്താവ് മാഷായിരുന്നു യു .പിയിലെ ആദ്യ ഹെഡ്മാസ്റ്റർ. യു.പി ആയതിന് ശേഷമുള്ള അധ്യാപകരിൽ ശ്രീ.കൊണ്ടൽ വർണ്ണൻ, ബാലൻ, ചെറിയാൻ, ചാത്തുക്കുട്ടി, നാരായണൻ, നാരായണൻകുട്ടി, ചാക്കോ, രാമൻകുട്ടി എന്നിവർ സ്മരണീയരാണ്. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ.കുട്ടപ്പൻ മാസ്റ്റർ ദീർഘകാലം ഈ വിദ്യാലയത്തിലെ അധ്യാപകനായിരുന്നു.



ബത്തേരിയിലേക്ക് ഗതാഗത സൗകര്യം വളരെ പരിമിതമായിരുന്നു . വനപാതയിലൂടെയുള്ള യാത്രയും ഹൈസ്കൂൾ പഠനത്തിന് കാൽ നടയായി ബത്തേരിയിൽ പോകേണ്ടി വന്നതും ചെലവ് താങ്ങാനാകാത്തതും പലരുടേയും പഠനം പ്രൈമറി തലത്തിൽ അവസാനിപ്പിക്കുന്നതിന് കാരണമായി . ഈ സാഹചര്യത്തിലാണ് 1974 ൽ നൂൽപ്പുഴ യു .പി സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്.ശക്തമായ ജനകീയ കൂട്ടായ്മയുടെ പരിശ്രമമാണ് സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ സഹായകമായത്.സ്കൂൾ ആരംഭിക്കുന്നതിന് 32755 രൂപ ജനങ്ങളിൽ നിന്നും സമാഹരിച്ച് സർക്കാരിൽ കെട്ടിവയ്ച്ചു. ശ്രീ.എം.എൽ ഗുപ്ത 5001 രൂപയും, അബ്രഹാം പുഴക്കുന്നേൽ 3001 രൂപയും സംഭാവനചെയ്തു. ഫാ.ജോസഫ് കട്ടക്കയം,ശ്രീ. എ വി ശങ്കു അധികാരി, ശ്രീ.മാത്യു, ശ്രീ.വി ജോൺ, ശ്രീ.സി രാമൻകുട്ടി, ശ്രീ.ടി ഹുസൈൻ, ശ്രീ.എ കെ അഹമ്മദ്, ശ്രീ ബാദുഷ എന്നിവരുടെ നേതൃത്വത്തിലാണ് സ്കൂളിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിയത് . 1974 ആഗസ്റ്റ് 7ാം തീയതി കോഴിക്കോട് ഡി .ഇ.ഒ ശ്രീമതി ഏലിയാമ്മ ഈപ്പൻ നൂൽപ്പുഴ ഗവ.ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തതോടെ കല്ലൂർ നിവാസികളുടെ സ്വപ്നം സാർത്ഥകമായി. ശ്രീ.സദാനന്ദൻ മാസ്റ്ററായിരുന്നു ആദ്യ ഹൈസ്കൂൾ പ്രഥമഅധ്യാപകൻ.



1995-96 ൽ നൂൽപ്പുഴ ഗവ.ഹൈസ്കൂൾ എന്ന പേര് ഗവ.ഹൈസ്കൂൾ കല്ലൂർ എന്ന് മാറ്റി.മറ്റ് സ്ഥലങ്ങളിൽ നിന്നും വരുന്ന ജനങ്ങൾക്കും അധ്യാപകർക്കും വലിയ പ്രശ്നമായിരുന്നു നൂൽപ്പുഴ എന്ന പേര്. നൂൽപ്പുഴ എന്നത് നൂൽപ്പുഴ പഞ്ചായത്തിന്റെ മറ്റൊരു ദിശയിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് .പേരുമാറ്റത്തോടെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു. കല്ലൂർ നിവാസികൾക്ക് സ്വന്തം സ്ഥലനാമത്തിൽ തങ്ങളുടെ വിദ്യാലയത്തെ പേരെടുത്ത് വിളിക്കാനായി .ഒരു ദേശത്തിന്റെ ചരിത്രമായ വിദ്യാലയം നാട്ടുകാരുടെ വിദ്യാലയ മുത്തശ്ശി യശ്ശസ്സിന് മാറ്റേകി മുന്നേറുന്നു.

2010 ൽ കല്ലൂർ ഗവ .ഹൈസ്കൂൾ ഹയർസെക്കണ്ടറിയായി ഉയർപ്പെട്ടു. കൊമേഴ്സ് ഹ്യൂമാണിറ്റീസ് എന്നീ വിഭാഗങ്ങളിൽ ഓരോബാച്ചുവീതമാണ് ഇന്നിവിടെ പ്രവർത്തിക്കുന്നത്. ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടത് ഈ വിദ്യാലയത്തിൽ നിന്നും പത്താം തരം വിജയിച്ചെത്തുന്ന വലിയൊരു വിഭാഗം വിദ്യാർഥികൾക്കും തുടർപഠനത്തിനുള്ള സാഹചര്യം സംജാതമാക്കിയിരിക്കുന്നു . പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും വലിയൊരു ശതമാനം കുട്ടികൾ പഠനത്തിനായി ഈ വിദ്യാലയത്തിലെത്തുന്നു എന്നത് അഭിമാനകരമാണ് . സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അതിർവരമ്പുകൾക്കപ്പുറം സമത്വത്തിന്റെ കാഴ്ചയുമായി ജനകീയ വിദ്യാലയമെന്ന നിലയിലേക്കുയരുവാൻ ഇന്നീ വിദ്യാലയത്തി നായിരിക്കുന്നു.



# ഓർമ്മകളുടെ ശ്രാദ്ധം

നിധി. എൻ

കവിത



നിലാവിനും നിശാപക്ഷിക്കും
എൻറെ കണ്ണിൽ ഒരേനിറം
കറുപ്പ്.
എൻറെ ജീവിതപാതയിലേക്ക്
എപ്പോഴോ കടന്നുവന്ന
വഴിയാത്രക്കാരനായിരുന്നു
ഇരുട്ട്.
പക്ഷെ,
വെളിച്ചെത്ത് എങ്ങോട്ടോ
മായ്ച്ചുകൊണ്ട്
ഇരുട്ട് കൂടെ വന്നു.
അന്നുമുതൽ എനിക്കു
കൂട്ട് ഓർമ്മകളായിരുന്നു.
എൻറെ കണ്ണിൽ പേമാരി
തീർത്ത ഓർമ്മകൾ
എൻറെ ചുണ്ടിൽ
പുഞ്ചിരിയുണർത്തിയ
ഓർമ്മകൾ.
ആ ഓർമ്മകൾക്ക് ഇന്ന്
ശ്രാദ്ധമാണ്.
എന്റെ ഓർമ്മകളുടെ
ഇരുട്ടിലെ ഓർമ്മകൾ
ജനിച്ചപ്പോൾ
അവയ്ക്ക് പറയാനുണ്ടായിരുന്നത്
കഴിഞ്ഞകാലത്തെക്കുറിച്ചായിരുന്നു.
മരിച്ച ഓർമ്മകളെ വീണ്ടും
ഓർക്കുവാൻ ഓർമ്മകളെന്നെ
ഓർമ്മപ്പെടുത്തി.
ആ ഓർമ്മകൾക്കിന്ന് ശ്രാദ്ധമാണ്.
ഇന്നെൻറെ ഓർമ്മകൾ
തേങ്ങുകയാണോ?
ഇരുട്ടിലെവിടെയോ
ഓർമ്മകളുടെ തേങ്ങൽ
എനിക്ക് കേൾക്കാം.
കരയരുതെന്നു പറയാൻ
എനിക്കാവില്ല,കാരണം
ഇന്ന് ഓർമ്മകളുടെ
ശ്രാദ്ധമാണ്.
അപ്പോൾ,ഓർമ്മകൾ
എന്നോട് പറഞ്ഞത്
ഒന്നുമാത്രം.
ഓർമ്മകളെ മറക്കരുത്.

# വിവര സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

**ലേഖനം**

അനുരാഗ് കെ എസ്



**വിവരസാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ,ഐസിടി, വിദ്യാഭ്യാസ മേഖലയിൽ ചെയ്യാൻ സാധിക്കുന്നവയും അല്ലാത്തവയുമായവ തമ്മിലെ അന്തരം ഇല്ലാതാക്കുന്നതിന് ഗ്രാമീണ ഭാരതത്തിൽ സ്തുത്യർഹമായ ഭാഗംവഹിക്കുന്നു. ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തിൻറെ ആഗോളവത്കരണം എന്ന ലക്ഷ്യം സ്വരൂപിക്കുന്നതിനാവശ്യമായ വിഭവ സാമഗ്രികൾ ലഭ്യമാക്കുവിവര സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ വിദ്യാഭ്യാസ മേഖലയിൽ വിവര സാങ്കേതിക വിദ്യ വളരെ പ്രധാന പങ്കു വഹിക്കുന്നു.വിവര സാങ്കേതിക വിദ്യയുടെ നൂതന സംരംഭങ്ങൾ വിദ്യാഭ്യാസ പ്രവർത്തനത്തിനായി നൽകുന്നു.പഠന സാഹചര്യത്തിന് കാലത്തിനനുസരിച്ച് വളെരെയധികം അവസരങ്ങൾ ഇന്ന് വിവര സാങ്കേതികവിദ്യ നൽകുന്നുണ്ട്.**

ഓരോ വ്യക്തിയുടെയും വികസനത്തിനുള്ളതും രാഷ്ട്രം ഒന്നാകെ പടുത്തുയർത്തി യിരിക്കുന്നതുമായ അടിത്തറയാണ് പ്രാഥമിക വിദ്യാഭ്യാസം. അടുത്ത കാലത്തായി, പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിലും അവരെ വിദ്യാലയങ്ങളിൽ നിലനിർത്തുന്നതിലും സ്ഥിരമായ ഹാജർ നിരക്കിലും ജനസംഖ്യയുടെ മൂന്നിൽ രണ്ടുവിഭാഗത്തിലേയ്ക്കും സാക്ഷരത വിപുലീകരിക്കുന്നതിലും ഇന്ത്യ വൻനേട്ടമാണ് കൈവരിച്ചിരിക്കുന്നത്. നമ്മുടെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന സംഭാവന നല്കിയ ഘടകങ്ങളിലൊന്നായി പലപ്പോഴും ഇന്ത്യയുടെ മെച്ചപ്പെട്ട വിദ്യാഭ്യസംവിധാനം എടുത്തു കാണിക്കപ്പെടുന്നു അതേസമയം തന്നെ, ഇന്ത്യയിലെ

പ്രാഥമിക വിദ്യാഭ്യാസത്തിൻറെ ഗുണനിലവാരം ആശങ്കയ്ക്ക് വഴിവെയ്ക്കുകയും ചെയ്യുന്നു.

ഓരോ വ്യക്തിയുടെയും വികസനത്തിനുള്ളതും രാഷ്ട്രം ഒന്നാകെ പടുത്തുയർത്തിയിരിക്കുന്നതുമായ അടിത്തറയാണ് പ്രാഥമിക വിദ്യാഭ്യാസം. അടുത്തകാലത്തായി, പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിലും അവരെ വിദ്യാലയങ്ങളിൽ നിലനിർത്തുന്നതിലും സ്ഥിരമായ ഹാജർ നിരക്കിലും ജനസംഖ്യയുടെ മൂന്നിൽ രണ്ടുവിഭാഗത്തിലേയ്ക്കും സാക്ഷരത വിപുലീകരിക്കുന്നതിലും ഇന്ത്യ വൻ നേട്ടമാണ് കൈവരിച്ചിരിക്കുന്നത് . നമ്മുടെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന സംഭാവന നല്കിയ ഘടകങ്ങളിലൊന്നായി പലപ്പോഴും ഇന്ത്യയുടെ മെച്ചപ്പെട്ട വിദ്യാഭ്യാസ സംവിധാനം എടുത്തുകാണിക്ക പ്പെടുന്നു . അതേസമയം തന്നെ, ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസ ത്തിൻറെ ഗുണനിലവാരം ആശങ്കയ്ക്ക് വഴിവെയ്ക്കുകയും ചെയ്യുന്നു.



വിവരസാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ , ഐസിടി, വിദ്യാഭ്യാസമേഖലയിൽ ചെയ്യാൻ സാധിക്കുന്നവയും അല്ലാത്തവയുമായവ തമ്മിലെ അന്തരം ഇല്ലാതാക്കുന്നതിന് ഗ്രാമീണഭാരതത്തിൽ സ്തുത്യർഹമായ ഭാഗം വഹിക്കുന്നു. ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തിൻറെ ആഗോളവത്കരണം എന്ന ലക്ഷ്യം സ്വരൂപിക്കുന്നതിനാവശ്യമായ വിഭവ സാമഗ്രികൾ ലഭ്യമാക്കുന്നതിലൂടെ അധ്യാപകരെയും കുട്ടികളെയും ശക്തരാക്കുവാനുള്ള ശ്രമമാണ് ഇന്ത്യാഡവലപ്മെൻറ് ഗേറ്റ് വേയുടെ ലക്ഷ്യം.

# വിദ്യാലയം

കവിത

അന്വയ പി എസ്



ഓർമ്മതൻ മനസ്സിൽ അനുഭവ
സ്മൃതികളൊഴുകുന്ന വിദ്യാലയം.
അക്ഷരദീപം ചൊല്ലിയാദ്യത്തെ
വാക്കിൽ വാചാലമായ് ഹൃദയം
എൻ വിദ്യാലയം എൻവിദ്യാലയം
നിറകുട ദീപങ്ങളേന്തുന്ന വിദ്യാലയം
വിദ്യതൻ അഴകിൽ പുഞ്ചിരി-
ത്തൂകുന്ന എൻ വിദ്യാലയം
എൻ മനസ്സിൽ അണയാത്ത
ശോഭയായ് നിൽക്കുന്ന ആലയം
എൻ വിദ്യാലയം.

# ഓർമ്മകൾ

അർച്ചന വി കെ

കഥ



നാളെ എല്ലാ ബന്ധങ്ങളും
അവസാനിക്കുകയാണ്.
എല്ലാബന്ധങ്ങളും.....
പണ്ട് നിന്നെക്കുറിച്ച് ഞാൻ
ചിന്തിച്ചിട്ടുപോലുമില്ലായിരുന്നു.
നെഞ്ചിന്റെ ഇടനെഞ്ചിൽ
മഞ്ഞായിഅലിഞ്ഞു
ചേരണമെന്നെനിക്ക്
ആഗ്രഹമുണ്ടായിരുന്നു.
മനസ്സിന്റെ അടിത്തട്ടിൽ
ഒരുകൊച്ചു മോഹമായ് ഞാൻ
അത് മറച്ചുവച്ചു.
ഒടുവിൽ ഒടുവിൽ നീ
എന്റേതായപ്പോൾ.....
ഹായ്, സ്വർഗ്ഗം കൈയ്യിലൊ
തുങ്ങിയ പോലെ തോന്നി.
ആ സുഖം ഞാൻ ആഗ്രഹിച്ചു.
എൻറ ജീവിതകാലം മുഴുവൻ നീ
എന്നോടൊപ്പമുണ്ടന്ന് ഞാൻ
കരുതി. ഞാൻ വെറുതെ
മോഹിച്ചു ആശിച്ചു.നാളുകൾ
ഇലകൾപോലെ കൊഴിഞ്ഞു .
മഞ്ഞു പോലെ ഉരുകി.
നീയുമായി ഞാൻ കൂടുതൽ
അടുപ്പത്തിലായ് .
നിന്റെ അഴകാർന്ന
ചിരിയും,നക്ഷത്രം പോലെ
തിളങ്ങുന്ന കണ്ണുകൾ.

റോസാപ്പൂ വിരിഞ്ഞു നിൽക്കുന്നപോലുള്ള നിന്റെ ചുണ്ട് , ഇതെല്ലാം എന്റെ മനസ്സിൽ, മഴയായ് പെയ്തു. കുളിരായ് വിതുമ്പി. നിന്നെക്കുറി ച്ച് ഒരു നിമിഷം പോലും ഓർക്കാതിരിക്കാൻ എനിക്കു വയ്യ.ഞാൻ പൂർണ്ണമായും നിനക്കുവേണ്ടി കൊതിച്ചു.

വർഷങ്ങൾ നിമിഷങ്ങൾ പോലെ കടന്നുപോയി.

എന്നിട്ടും ഈ സ്നേഹം ഒരു കുറവും വരുത്താതെ പൊന്നുപോലെ കാത്ത്സൂക്ഷിച്ചു..

പക്ഷേ നീ.....

ഞാനറിയാതെ പല മാറ്റങ്ങളും സംഭവിച്ചു.നിനക്ക് പുതിയ അവകാശികൾ വന്നു. എന്നിൽ നിന്നും നീ അകലുന്നതുപോലെ തോന്നി. അതുവെറും തോന്നലുമാത്രമല്ല. അങ്ങനെ ആയിരിക്കുവാൻ ഞാൻ ആശിച്ചു......

നിന്നെയാണറഇമത് അത് വെറും തോന്നലല്ല എന്ന്.


ഒരിക്കൽ നിന്നെ വിട്ട് പിരിയേണ്ടി വരും എന്ന ചിന്ത എന്നെ ആകുലെപ്പട്ടത്തി.

ഒടുവിൽ ആ ദിവസം വന്നെത്തി.

നാളെ,നാളെ മുതൽ നമ്മൾ തമ്മിൽ ഒരു ബന്ധവും ഉണ്ടാകില്ല.

ഞാൻ മനസ്സില്ലാമനസ്സോടെ അതിനു തയ്യാറെടുത്തു.

പക്ഷേ....പക്ഷേ......എനിക്കുകഴിയില്ല.



എന്റെ കലാലയമേ നിന്നെ മറക്കുവാൻ നിന്നെവിട്ടു പോകുവാൻ.

വേണം ഇനിയും നിന്നെ വേണം ജീവിതകാലം മുഴുവൻ നിനക്കായി.....

നിന്നെ അറിയുവാൻ, സ്നേഹിക്കുവാൻ വരും....ഞാൻ വരും.....

സ്കൂൾ വിദ്യാഭ്യാസം ഇനി ഓർമ്മയായി.ആ ഓർമ്മ കണ്ണീർ മഴയായ് പൊഴിക്കുന്നു.

# വസന്തത്തിന്റെ അധിപൻ

കവിത

നാജിയ നസ്രിം



കാലചക്രം തിരിക്കുന്ന പണിയാളർ
വിയർപ്പൊഴുക്കി പാടം പൊന്നാക്കുന്നവർ
ഭൂമിയിൽ അധ്വാനമെന്ന പാഠം രചി ച്ച പണിയാളർ
കരുത്തുറ്റ കരങ്ങളാൽ മഹാസൗധങ്ങളൊക്കെയും
പണിചെയ്തു തീർത്തു പണിയാളർ
കുഞ്ഞുങ്ങളാദ്യപാഠം പഠിക്കുന്നനേരം
ദുഖത്തിൻ പാഠം രചിച്ചതുമവർതന്നെ.
പ്രപഞ്ചത്തിലെ മഹാസൗധങ്ങളൊക്കെയും
പടുത്തുയർത്തിയ പണിയാളർ
അവർതൻ കർമ്മത്തിൻ ഫലമാണ് നാമിന്ന്
അനുഭവിച്ചീടുന്നതെന്നോർത്തുകൊൾക
ജനലോകം മുന്നോട്ട് പോകുവാൻ കാരണം
ഇവരാണ് നാമിന്നുമോർത്ത്കൊൾക
ഒരു ജന്മം മുഴുവനും നമുക്കായ് മാറ്റിയ
ഇവരുടെ കർമ്മത്തെ പുകഴ്ത്തീടണം.

# അനന്തത്തെ അറിഞ്ഞ മനുഷ്യൻ

ലേഖനം

ദീപ കെ വി


Srinivasa_Ramanujan (വിക്കിപീഡിയ പേജിനായി ഇവിടെ ക്ലിക്ക് ചെയ്യൂ)

**ഭാ**രതം കണ്ട ഏറ്റവും പ്രതിഭാശാലിയായ ഗണിതശാസ്ത്രജ്ഞനായിരുന്ന ശ്രീനിവാസ രാമാനുജൻ. സ്വപ്രയത്നത്തിന്റെയും ജന്മവാസനയുടെയും മികവിൽ ഗണിതശാസ്ത്രത്തിന്റെ സങ്കീർണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹം പ്രാഗത്ഭ്യം കാട്ടി. കേവലം 33 വർഷം മാത്രം നീണ്ട ജീവിതത്തിനുള്ളിൽ തന്നെ ഒരു ഗണിതശാസ്ത്രജ്ഞന് എത്താവുന്ന ഉയരങ്ങളിൽ ശ്രീനിവാസ രാമാനുജൻ എത്തി.



**ശ്രീ**നിവാസ അയ്യങ്കാരുടെയും കോമളലതാമ്മാളിന്റെയും പുത്രനായി 1887 ഡിസംബർ 22 ന് തമിഴ്നാട്ടിലെ ഈറോഡ് എന്ന സ്ഥലത്ത് രാമാനുജൻ ജനിച്ചു. പഠനകാലത്ത് ഗണിതത്തിൽ മാത്രം എന്നും ഒന്നാമതെത്തിയിരുന്ന രാമാനുജൻ മറ്റു വിഷയങ്ങളിൽ ഒട്ടും താത്പര്യം കാണിച്ചിരുന്നില്ല. പൈ (pi) യുടെ മൂല്യം നാല് ദശാംശ സ്ഥാനം വരെ കൃത്യമായി കണ്ടുപിടിച്ച് സ്കൂളിൽ സഹപാഠികളെ വിസ്മയിപ്പിച്ചിട്ടുണ്ട്. സ്കോളർഷിപ്പിന്റെ സഹായത്തോടെയാണ് കുംഭകോണം സർക്കാർ കോളജിൽ ചേർന്നതെങ്കിലും ഗണിതത്തോട് മാത്രമുള്ള അതീവ ശ്രദ്ധ മൂലം മറ്റ് വിഷയങ്ങൾ തോൽക്കാനിടയായി. ഇതു മൂലം കോളജ് പഠനം തുടരാനായില്ല.

ഔദ്യോഗികമായി പഠനം ഉപേക്ഷിച്ചെങ്കിലും നോട്ടുബുക്കുകളിൽ ഗണിതശാസ്ത്ര പ്രശ്നങ്ങൾ പരിഹരിക്കാനായി സ്വയം ഗവേഷണങ്ങൾ നടത്തി വന്നു. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ ഗണിതശാസ്ത്ര ലോകത്ത് അപ്പോൾ നടന്നു വന്നിരുന്ന മാറ്റങ്ങളും കണ്ടുപിടുത്തങ്ങളും രാമാനുജൻ അറിയാതെ പോയി . രാമാനുജൻ സ്വയം കണ്ടെത്തിയ പ്രശ്ന പരിഹാരങ്ങളിൽ നേരത്തേ മറ്റുള്ളവർ തെളിയിച്ചിട്ടുള്ളവയും ഉണ്ടായിരുന്നു.




സ്കൂൾ പഠനകാലത്തുതന്നെ ജി .എസ്.കർ എഴുതിയ സിനോപ്സിസ് ഓഫ് എലമെന്ററി റിസൾട്ട്സ് ഇൻ പ്യുവർ മാത്തമാറ്റിക്സ് എന്ന ഗ്രന്ഥം രാമാനുജന് കിട്ടായി. വർഷങ്ങളോളം ഈ ഗ്രന്ഥത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനും വികസിപ്പിക്കാനും രാമാനുജൻ സമയം കണ്ടെത്തി . 1912 ന് മദ്രാസിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഗുമസ്തനായി ജോലിക്കു ചേർന്നു. പൈ യുടെ വില എട്ടു ദശാംശ സ്ഥാനം വരെ കണ്ടുപിടിക്കാനുള്ള നിർദ്ധാരണ രീതി രാമാനുജൻ എഴുതിയുണ്ടാക്കി . പിന്നീട് ഈ അൽഗോരിതം കംപ്യൂട്ടറുകളിൽ ഉപയോഗിക്കാൻ തുടങ്ങി. ഇന്ത്യയിലെ സന്മനസുകളുടെ സഹായത്തോടെ 1913 മേയിൽ മദ്രാസ് സർവകലാശാല വിദ്യാർത്ഥിയായി ചേർന്നു. ഇതിനിടെ തന്നെ ഗണിതശാസ്ത്ര കണ്ടെത്തലുകൾ ഈ രംഗത്തെ ലോകത്തെ പ്രമുഖർക്ക് തപാൽ മാർഗം എത്തിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള കത്തുകളിലൊന്നിലാണ് രാമാനുജന്റെ ജീവിതം തന്നെ മാറ്റിമറിച്ച സൗഹൃദം ഉടലെടുത്തതും . അക്കാലത്തെ ഏറ്റവും പ്രശസ്ത ഗണിതശാസ്ത്രജ്ഞനായിരുന്ന ഗോഡ്ഫ്രേ ഹരോൾസ് ഹാർഡിയുടെ പക്കലും രാമാനുജന്റെ കുറിപ്പുകൾ എത്തി.

ആദ്യ വായനയിൽ തന്നെ ജി.എച്ച്.ഹാർഡി രാമാനുജനിലെ അതുല്യ പ്രതിഭയെ തിരിച്ചറിഞ്ഞു. ഇംഗ്ലണ്ടിലെ കേംബ്രിഡ്ജിലേക്ക് രാമാനുജനെ കൊണ്ടുവരാനുള്ള ശ്രമം ഹാർഡി ആരംഭിച്ചു.

**1913** ഏപ്രിൽ 14 ന് രാമൻ ഇംഗ്ലണ്ടിലെത്തി . ഗണിതശാസ്ത്രത്തിന് പിൽക്കാലത്ത് ശ്രദ്ധേയമായ സംഭാവനകൾ നല്കിയ ഒരു കൂട്ടുകെട്ട് കൂടിയായിരുന്നു ഹാർഡിയെന്ന ഗവേഷണ ഗുരുവും രാമാനുജനെന്ന അതുല്യ പ്രതിഭാശാലിയായ വിദ്യാർത്ഥിയും കൂടി തീർത്തത്. അഞ്ചു വർഷം അവിടെ തുടർന്നു. ഇതിനിടെ അന്തർദേശീയ അംഗീകാരങ്ങൾ രാമാനുജനെ തേടിയെത്തി. ഇംഗ്ലണ്ടിലെ പ്രതികൂല കാലാവസ്ഥയും പ്രത്യേക ഭക്ഷണക്രമവും രാമാനുജന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ചു.

**രോ**ഗബാധിതനായ രാമാനുജനെ കാണാൻ ഗുരുനാഥൻ കൂടിയായ ഹാർഡി എത്തിയ കഥ ഏറെ പ്രശസ്തമാണല്ലോ. താൻ വന്ന കാറിന്റെ നമ്പർ - 1729 - അശുഭകരമായതാണെന്ന് ഹാർഡി സംഭാഷണമധ്യേ രാമാനുജനോട് അഭിപ്രായപ്പെട്ടു. അതേമാത്രയിൽ തന്നെ രാമാനുജൻ ആഹ്ലാദചിത്തനായി പറഞ്ഞത് ഇതായിരുന്നു. രണ്ട് വ്യത്യസ്ത സംഖ്യാജോടികളുടെ ക്യൂബുകളുടെ തുകയായി എഴുതാൻ സാധിക്കുന്ന - അതും രണ്ടു തരത്തിൽ, ഏറ്റവും ചെറിയ സംഖ്യയാണ് ഇത് - $10^3 + 9^3 = 12^3 + 1^3 = 1729$. തന്റെ ശിഷ്യന്റെ പ്രതിഭാവിലാസം നന്നായി അറിയാവുന്ന ഹാർഡിക്ക് ഇത് അത്ഭുതകരമായ സംഭവമായിരുന്നില്ല. നിമിഷാർധം കൊണ്ട് മനസിലിട്ട് കണക്കു കൂട്ടാനുള്ള രാമാനുജന്റെ ശേഷി ഇത് പ്രകടമാക്കുന്നു. 1729 രാമാനുജൻ സംഖ്യ എന്നാണ് അറിയപ്പെടുന്നത്.

## Ramanujan's Details

**Birth Day: 22.12.1887**

$$1729 := (-2 + 21) \times (-2 - 1 + 8 + 8) \times 7.$$

**Death Day: 26.04.1920**

$$1729 := (-(2 + 60) \times 4 + 1) \times (-9 + 2 + 0).$$

1919 ഫെബ്രുവരി 27 ന് രാമാനുജൻ ഭാരതത്തിലേക്ക് മടങ്ങി. 1920 ഏപ്രിൽ 26 ന് ഇദ്ദേഹം ലോകത്തോട് വിട പറഞ്ഞു.

# കച്ചവടതന്ത്രം

കവിത

ഹർഷപ്രഭ



വാങ്ങേണ്ടേ വാങ്ങേണ്ടേ വാരിക്കൂട്ടേണ്ടേ
എന്തെല്ലാം എന്തെല്ലാം സാധനങ്ങൾ
കാശുകൊടുത്താലും കൊടുക്കാതിരുന്നാലും
എന്തെല്ലാം എന്തെല്ലാം സാധനങ്ങൾ.
കണ്ണിഞ്ചിപ്പിക്കുന്ന മോഹിപ്പിക്കുന്ന
കൗതുകമേറുന്ന വസ്തുക്കളും
എല്ലാമെല്ലാമിന്ന് വാങ്ങിച്ചുകൂട്ടുവാൻ
കൂട്ടരേ കൂട്ടരേ പോയിടല്ലേ
പരസ്യകെണികളിൽപെട്ടിടല്ലേ
സത്യമന്വേഷിച്ചാൽ നാമെല്ലാം
കൂട്ടരെ വിജയികളായി ഭവിക്കുമല്ലോ.
വാശിപിടിച്ചിട്ട് വായ്പകൾ വാങ്ങുമ്പോൾ
ഓർക്കണം കൂട്ടരേ എന്നുമെന്നും
സന്തോഷമേകുവാൻ സൗഭാഗ്യം നല്കുവാൻ
കഴിയില്ല കൂട്ടരേ കടമെടുത്താൽ
നന്നായി ചിന്തിച്ചുമോർത്തിട്ടുമൊക്കെയേ
നല്ലതാം കാര്യങ്ങൾ വാങ്ങിച്ചിടാവൂ
വാങ്ങണ്ട വാങ്ങണ്ട വാരിയും കൂട്ടണ്ട
നന്മയും ഗുണവും ഇല്ലാത്തതൊന്നും


# പരമാർത്ഥം

കഥ

സുധ.ടി

"കല്ല കൊണ്ടോ മനം താവകം കൃഷ്ണാ..."
അകത്തളത്തിൽ അമ്മ പാടുന്നത് കേട്ടാണ് പതിവുപോലെ ഉണർന്നത്..
എന്തിനാണ് അമ്മേ സംശയം? കല്ലിൽ കൊത്തിയ കൃഷ്ണവിഗ്രഹത്തിനു ഹൃദയം മാത്രമെങ്ങിനെയാണ് തായേ മാംസളമാവുക? കല്ല് കൊണ്ടാണ് മനമെന്നു പലവുരു തെളിയിച്ചതല്ലേ വസുദേവകൃഷ്ണൻ?
ത്രിസന്ധ്യകളിൽ കുളിച്ച് ഈറനോടെ പൊന്നുമക്കൾക്ക് പുണ്യം പകരുന്ന അച്ഛനമ്മമാരുടെ പ്രാർത്ഥനകൾ തലക്കുറി നന്നാക്കിയില്ല. ഉത്തരം കിട്ടാത്ത ചോദ്യങ്ങളിൽ കൊരുത്ത മനസുമായി കാലങ്ങൾ തിളച്ചുമറിഞ്ഞുനടന്നു. വിശ്വാസികളിൽ അവിശ്വാസിയായും, നിരീശ്വര വാദികൾക്കിടയിൽ കടുത്ത വിശ്വാസിയായും അസ്തിത്വം വെല്ലുവിളിച്ചു നടന്നു. അതൊരു കാലം.

***



കാലങ്ങൾക്കപ്പുറത്ത് നിന്നും വിശ്വാസത്തിന്റെ അനന്തകോണിൽ നിന്നും ചുളിഞ്ഞ നെറ്റികൾ കാണായി. ഒരുപാട് ചിന്തിച്ചിട്ടും ഇത്രയധികം കുഞ്ഞുങ്ങളെ ബലികൊടുത്തു കൊണ്ടായിരുന്ന ധർമസംസ്ഥാപനാർത്ഥമെന്ന പുകഴ്ത്തപ്പെടുന്ന ആ അവതാരം പിറവി എടുത്തത് എന്ന് ന്യായീകരണങ്ങളെ അസാധുവാക്കി.

കുന്നിന്റെ മുകളിൽ കളിച്ചു നില്ക്കുന്ന മാന്കിടാവിനെ പോലെ (കടപ്പാട്: കൃഷ്ണഗാഥ)ചത്തുമലച്ച പൂതനയുടെ മാറിൽ വിളങ്ങിയ കോമളരൂപന് തനിക്ക് വേണ്ടി മരിച്ച പൈതങ്ങളുടെ ശാപം ഏറ്റിരുന്നോ അമ്മേ? ആ പിഞ്ചുകുഞ്ഞുങ്ങളുടെ കറ പതിഞ്ഞാണോ ചെന്താമരക്കണ്ണൻ ഈ വിധം കറുത്ത് പോയത്?
അറിയാവുന്നതാണമ്മേ... മഹത്തുക്കളുടെ വീഴ്ചകൾക്ക് നേരെ ചെറുവിരലനക്കുവാൻ ഇവിടെയാരുമില്ലെന്ന്.
***



എങ്കിലും സമ്മതിച്ചു. കൃഷ്ണൻ മായികഭാവം തന്നെ.. ഉണ്ണിക്കണ്ണനും, കള്ളകൃഷ്ണനും, സാക്ഷാൽ പരംപൊരുളും അവൻ തന്നെ.. അവന്റെ ഭാവങ്ങൾ തന്നെ. പോയ വഴികളിലെല്ലാം സുഗന്ധം വാരിപ്പൂശിയ കസ്തൂരിമാൻ തന്നെ അവൻ. ചേല കട്ടതും, ചമ്മട്ടി പിടിച്ചതും അവന്റെ ലീലകൾ തന്നെ. പാൽ കറന്നതും പാലാഴിക്ക് നാഥനായതും അവൻ. വെണ്ണ കട്ടതും, ബ്രഹ്മാണ്ഡം വായിലൊതുക്കിയതും അവന്റെ ശ്രേഷ്ഠതകൾ തന്നെ. യുഗങ്ങൾക്ക് മുമ്പെ അവതാര സന്കല്പങ്ങൾ കൊണ്ട് പരിണാമ സിദ്ധാന്തത്തിന് ഭാരതീയ മാതൃകയിൽ ചരിത്രം ചമച്ചവൻ..യുദ്ധം നയിച്ചതും അത് ജയിച്ചതും അവൻ, അവന്റെ സാന്നിധ്യം. ഞാൻ ഉണർന്നതും നീ രമിക്കുന്നതും അവന്റെ മുരളികയിൽ. പാഞ്ചജന്യം അവൻ പാടിയത് ലോകരക്ഷാർത്ഥം, അവൻ യുഗങ്ങളിൽ സംഭവിക്കുന്നത് ധർമസംസ്ഥാപനാർത്ഥം... അവന്റെ മനമെങ്ങിനെ കല്ലായി മാറും എന്നല്ലേ അമ്മ പാടിയത്?
***

എങ്കിലും അമ്മേ...
സ്വർഗ്ഗഗേഹങ്ങളിൽ വെള്ളിയരയന്നങ്ങൾ ചാമരം വീശുന്ന അർജ്ജുനപുത്രന്റെ കണ്ണുകളിൽ സംശയത്തിന്റെ നിഴൽ അമ്മ കാണുന്നുവോ? ആ മിടിപ്പിൽ അവിശ്വസനീയതുടെ താളം അമ്മ കേൾക്കുന്നുവോ?
മുടിയഴിച്ച് തലതല്ലിവീണ ഉത്തരയുടെ കാൽതളകൾ ചോദ്യഭാവത്തിൽ ചിലമ്പുന്നതും അമ്മേ, നിനക്ക് കേൾക്കാൻ കഴിയുന്നില്ലേ?
കൊന്നതാണമ്മേ കൊന്നതാണ്.
അല്ലെങ്കിൽ ആ അരുംകൊലയുടെ നേരത്ത് തന്ത്രപൂർവ്വം കണ്ണടച്ച, നിന്റെ കണ്ണൻ.
പത്മവ്യൂഹം ചമച്ച നേരത്ത് വിജയനെ ബോധപൂർവ്വം അവിടെ നിന്നകറ്റിയ സാരഥി. അതാണമ്മേ നിന്റെ കൃഷ്ണൻ.
അല്ലെങ്കിൽ പറയൂ, ഇന്ദ്രദത്തമായ കർണന്റെ ശക്തിവേലിനു പാത്രമായി ഭീമസുതൻ ഖടോൽക്കചനെ വിട്ടുകൊടുത്തപ്പോൾ നൊടിനേരത്തേക്കെങ്കിലും കലങ്ങിയ ചെന്താമരക്കണ്ണുകൾ സോദരീപുത്രന്റെ വിയോഗവാർത്തയിൽ ഒരിറ്റുനീർ പോലും പോഴിക്കാഞ്ഞതെന്തേ?



ഓർമയില്ലേ? ആ കാഴ്ച കാണാൻ കഴിയുന്നില്ലേ? പതിനാറു വർഷങ്ങൾക്കു മുമ്പ് ... യുദ്ധതന്ത്രങ്ങൾ അർജ്ജുനന് ഉപദേശിക്കുന്ന കൃഷ്ണൻ... അരികിൽ നിറഗർഭിണിയായ പ്രിയസോദരി സുഭദ്ര.. പറഞ്ഞു പറഞ്ഞു പത്മവ്യൂഹം ഭേദിച്ച് അകത്തുകടക്കാൻ പറയുമ്പോൾ കണ്ടു, അരണ്ട വെളിച്ചത്തിൽ ഉറക്കം പിടിച്ചിരിക്കുന്ന അർജ്ജുനൻ, സുഭദ്രയും. അപ്പോൾ? അപ്പോൾ താൻ പറയുമ്പോൾ മൂളിയത് ആരാണ്? വ്യക്തമായും കേട്ടതാണല്ലോ ആ മൂളൽ. സർവം അറിയുന്ന കണ്ണന് കാര്യം മനസിലായി. പറഞ്ഞു നിര്ത്തി. പത്മവ്യൂഹത്തിന് അകത്തു കടക്കാൻ മാത്രം അറിയുന്ന, ഭേദിച്ച് പുറത്തുകടക്കാൻ അറിയാത്ത തന്റെ അതിബുദ്ധിയായ മരുമകൻ എങ്ങനെ തീരണമെന്നു തീര്ച്ചപ്പെടുതിയെന്നോണം ഒന്നു പുഞ്ചിരിച്ചു വാസുദേവനന്ദനൻ.

***

സത്യമാണോ അമ്മേ? ഞാൻ പറഞ്ഞത് സത്യമാണോ? തന്റെ മാതുലനായ കംസനെ കൊന്നത് താനാണെന്ന ഓർമ കൃഷ്ണനെ അലട്ടിയിട്ടുണ്ടാവുമോ? കൊടുത്താൽ കൊല്ലത്തും കിട്ടുമെന്ന ചൊല്ലിൽ തന്റെ അനന്തിരവൻ തനിക്ക് കലിയെന്ന തോന്നിയോ കൃഷ്ണന്? കർമ പാശത്തിൽ നിന്നും ആരും മുക്തരല്ലെന്ന അവനെക്കാൾ നന്നായി അറിയുന്നവർ ആരാണ് അമ്മേ? പരബ്രഹ്മം ആയ വിഷ്ണുദേവന് കലിയും കലിബാധ മൂലമുണ്ടാകുന്ന ഭയവും, വിദ്വേഷവും അന്യമെന്കിലും മനുഷ്യനായി അവതരിച്ച കൃഷ്ണന് അങ്ങനെ ആവാൻ കഴിയുമോ?
***



അർജ്ജുനപുത്രനെ അവസാനിപ്പിക്കാൻ ആത്മഭീതിയിൽ അലഞ്ഞ മാതുലനു ലഭിച്ച അവസരമാണോ ഭാരതയുദ്ധത്തിലെ കറുത്ത ഏടായി മാറിയ പദ്മവ്യൂഹം.. അവതാരമായ കൃഷ്ണന് വേണ്ടി കരുക്കൾ ആയവരാണോ മഹാത്മാവായ ഭീഷ്മരും ദ്രോണരും, രാധേയനായ കർണനും? ഇനി പറയൂ, കല്ല് കൊണ്ടല്ലേ താവക മനം കൃഷ്ണാ???
പൊറുക്കുക തായേ.. നിന്റെ വിശ്വാസങ്ങളെ ഞാൻ വേദനിപ്പിച്ചു. പൊറുക്കുക, ജന്മം തന്നതിന്റെ ശിക്ഷയായി കരുതി പൊറുക്കുക.

# ആധുനിക കേരളം

കവിത

ഫിദ ഫാത്തിമ



എന്തിനു മനുജാ നീയിന്നിവിടെ
അന്യോന്യം കലഹിക്കുന്നു
ദൈവത്തിൻറെ സ്വന്തം നാടിനെ
ഭ്രാന്താലയമായി തീർക്കുന്നു
നിന്നുടെ കൈയ്യിലെ കാച്ചിയ വാളിൽ
രക്തത്തിൻ കറ വീഴ്ത്തുന്നു
നിന്നുടെ തലമുറ എന്തിനു വെറുതെ
വിപ്ലവകാരികളാകുന്നു
പരശുരാമൻ തന്നുടെ മഴുവിൽ
ചോര പുരണ്ടു കിടക്കുന്നു
അറുത്തു മാറിയ തലകൾക്കിടയിൽ
രക്തകൊതിയർചിരിക്കുന്നു.
സമുദായങ്ങൾ തമ്മിൽതല്ലി
ചോരപ്പുഴകളൊഴുക്കുമ്പോൾ
മലയാളിതൻ മഹത്വം
എവിടെപ്പോയൊളിക്കുന്നു.
ഉണരു ഉണരു ഉണരു നിങ്ങൾ
ഉണർന്നിരുന്ന് ചിന്തിക്കു.

# ലോകമഹാത്ഭുതങ്ങൾ

ലേഖനം

അജിത്ത് കെ തോമസ്

World wonders (വിക്കിപീഡിയ പേജിനായി ഇവിടെ ക്ലിക്ക് ചെയ്യൂ)

## ചിചെൻ ഇറ്റ്സയിലെ പിരമിഡ്



ഏറ്റവും പ്രസിദ്ധമായ മായൻ ക്ഷേത്ര നഗരം ചിചെൻ ഇറ്റ്സ , മായൻ സംസ്കാരത്തിൻറെ രാഷ്ട്രീയ സാമ്പത്തിക കേന്ദ്രമായിരുന്നു. അതിൻറെ വിവിധ രൂപശില്പങ്ങൾ- കുക്കുൾകാൻ പിരമിഡ്, ചക് മൂലിൻറെ ക്ഷേത്രം, ആയിരം കാൽ മണ്ഡപം, തടവുകാരുടെ കളിത്തട്ട്- എന്നിവയെല്ലാം ശില്പഭംഗി, സംയോജനം എന്നിവയിലുള്ള അസാധാരണമായ സമർപ്പണത്തിൻറെ സാക്ഷ്യമായി ഇന്നും കാണാനാകും. എല്ലാ മായൻ ക്ഷേത്രങ്ങളെയും അപേക്ഷിച്ച്, പിരമിഡ് അവസാനത്തേതും ഏറ്റവും ശ്രേഷ്ഠമായതും ആയി നിലകൊള്ളുന്നു.

## ക്രൈസ്റ്റ് റെഡീമർ (1931)




ഏതാണ്ട് 38 മീറ്റർ ഉയരത്തിൽ, കൊർക്കൊവാഡോ മലയ്ക്കു മുകളിൽ റിയോ ഡി ജനീറോക്ക് അഭിമുഖമായി യേശുവിൻറെ പ്രതിമ സ്ഥിതി ചെയ്യുന്നു. ബ്രസീൽകാരനായ ഹേയ്ടോർ ഡാ സിൽവ കോസ്റ്റ രൂപകല്പന ചെയ്ത് ഫ്രഞ്ച് ശില്പി പോൾ ലാൻഡോവ്സ്കി നിർമ്മിച്ച, ഈ ശില്പം ലോകത്തിലെ സുപ്രസിദ്ധമായ സ്മാരകങ്ങളിലൊന്നാണ്. ഈ പ്രതിമ നിർമ്മിക്കുവാൻ അഞ്ച് വർഷം വേണ്ടി വന്നു. 1931, ഒക്ടോബർ 12 നായിരുന്നു അനാച്ഛാദനം. ഇരുകൈകളും വിടർത്തി സന്ദർശകരെ സ്വീകരിക്കുന്ന ബ്രസീലിയൻ ജനതയുടെ ഊഷ്മളതയുടെയും നഗരത്തിൻറെ തന്നെയും ചിഹ്നമായി ഇത് മാറി.

## റോമൻ കൊളോസിയം



റോമിനു മധ്യത്തിലുള്ള ശ്രേഷ്ഠമായ ഈ രംഗശാല വിജയശ്രീലാളിതരായ ഭടൻമാരോടുള്ള ആദരങ്ങൾ അർപ്പിക്കുന്നതിനും റോമൻ ചക്രവർത്തിയുടെ പ്രതാപം ആഘോഷിക്കുന്നതിനും വേണ്ടിയാണ് നിർമ്മിച്ചത്. അതിൻറെ രൂപസങ്കല്പം കാലഘട്ടത്തെ അതിജീവിച്ച് ഇന്നും നിലനില്ക്കുന്നു . യഥാർഥത്തിൽ, എല്ലാ ആധുനിക കായിക സ്റ്റേഡിയങ്ങളെല്ലാം തന്നെ ഏതാണ്ട് 2000 വർഷങ്ങൾക്ക് മുമ്പ് നിർമ്മിക്കപ്പെട്ട കൊളോസിയത്തിൻറെ യഥാർഥ മാതൃകയുടെ അച്ചിൽ വാർത്തതു പോലെ തന്നെ കാണപ്പെടുകയും ചെയ്യുന്നു. കാഴ്ചക്കാരൻറെ സന്തോഷത്തിനു വേണ്ടി മാത്രമുള്ള ക്രൂരമായ പോരുകളെയും കളികളെയും കുറിച്ച് ചലച്ചിത്രങ്ങളിലൂടെയും ചരിത്ര പുസ്തകങ്ങളിലൂടെയും ഇന്ന് നമ്മൾ കൂടുതൽ ബോധവാന്മാരാണ്.

## താജ് മഹൽ



അഞ്ചാമത് മുസ്ലീം മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാൻ , അദ്ദേഹത്തിൻറെ മരിച്ചുപോയ പ്രിയ ഭാര്യയുടെ സ്മരണാർഥം നിർമ്മിച്ചതാണ് വളരെ ബൃഹത്തായ ഈ സ്മാരക സൌധം. വെളുത്ത മാർബിൾ ഉപയോഗിച്ച് പണിതീർത്ത താജ്മഹൽ , ഭാരത്തിലെ മുസ്ലീം കലയുടെ പൂർണ്ണതയാർന്ന രത്നമായി കണക്കാക്കപ്പെടുന്നു. ചക്രവർത്തി പിന്നീട് തടവിലാക്കപ്പെടുകയും തടവറയിലെ ചെറിയ ജാലകത്തിലൂടെ താജ്മഹൽ മാത്രം ദർശിച്ചിരുന്നുവെന്നും പറയപ്പെടുന്നു.

## ചൈനയിലെ വൻമതിൽ




നിലവിലുള്ള കോട്ടകളെ തമ്മിൽ ബന്ധിപ്പിച്ച് ഏകീകൃത പ്രതിരോധ സംവിധാനമാക്കി മാറ്റുന്നതിനും ചൈനക്കു പുറത്തുള്ള മംഗോൾ ഗോത്രവർഗ്ഗക്കാരെ തുരത്തുന്നതിനുമായാണ് ചൈനാവൻമതിൽ നിർമ്മിച്ചത്. ഇന്നേവരെ ഭൂമുഖത്ത് മനുഷ്യനിർമ്മിതമായതിൽ വച്ച് ഏറ്റവും വലിയ സ്മാരകമാണിത്. കൂടാതെ, ശൂന്യാകാശത്തു നിന്ന് ദർശിക്കാനാകുന്ന ഒരേയൊരു നിർമ്മിതിയും ഇതാണെന്ന വാദവുമുണ്ട് . ആയിരക്കണക്കിന് ആളുകൾ ബൃഹത്തായ ഈ നിർമ്മിതിയിൽ ജീവൻ വെടിഞ്ഞിട്ടുണ്ട്.

## മാച്ചു പിച്ചു



15 ാം ശതാബ്ദത്തിൽ, ഇൻകൻ ചക്രവർത്തിയായിരുന്ന പച്ചാകൂട്ടെക് , മലമുകളിലെ മേഘക്കൂട്ടങ്ങൾക്കിടയിൽ പണിതീർത്ത നഗരമാണ് മാച്ചു പിച്ചു എന്ന് അറിയപ്പെടുന്നത്. ഈ അസാധാരണമായ അധിവാസം ആൻഡസ് പീഠഭൂമിക്ക് പകുതി ഉയരത്തിൽ, ആമസോൺ കാടുകളുടെ വന്യതയിൽ , ഉറുബാംബ നദിക്ക് മുകളിലായാണ് സ്ഥിതി ചെയ്യുന്നത്. വസൂരി പടർന്നു പിടിക്കുകയും സ്പാനിഷുകാർ ഇൻകൻ ചക്രവർത്തിയെ പരാജയപ്പെടുത്തുകം ചെയ്തതിനാൽ ഇത് ഇൻകൻമാരാൽ ഏതാണ്ട് ഉപേക്ഷിക്കപ്പെട്ടു . തുടർന്ന് നഗരം മൂന്നു ശതാബ്ദക്കാലം "നഷ്ടപ്പെട്ടതായി" നിലകൊണ്ടു. 1911 ൽ ഹിറാം ബിംഗം ഇത് വീണ്ടും കണ്ടെത്തി.

## പെട്ര



അറേബ്യൻ മരുഭൂമിയുടെ അറ്റത്ത് , നബാറ്റിയൻ ചക്രവർത്തിയായിരുന്ന അരിറ്റാസ് നാലാമൻറെ (ബിസി 9-എഡി 40) തിളങ്ങുന്ന തലസ്ഥാനമായിരുന്നു, പെട്ര. ജലസാങ്കേതിക വിദ്യയുടെ അഗ്രഗണ്യന്മാർ എന്ന നിലയിൽ നബാറ്റിയൻമാർ അവരുടെ നഗരത്തിൽ വെള്ളം കെട്ടി നിറുത്തുവാനുള്ള വലിയ കുളങ്ങളും വലിയ ടണലുകളും ലഭ്യമാക്കി. 4,000 കാഴ്ചക്കാരെ ഉൾക്കൊള്ളുന്ന ഗ്രീക്ക് - റോമൻ പ്രാഗ്രൂപങ്ങളിലുള്ള ഒരു തീയറ്റർ രൂപം നല്കി . ഇന്ന്, 48 മീറ്റർ ഉയരമുള്ള പെട്രയുടെ ഹെലിനിസ്റ്റിക് ക്ഷേത്രം , പാലസ് ടോംബ്സ് എല്-ദയർ രാജവംശത്തിനു മുഖപ്പായി നില്ക്കുന്നു . ഇത് മധ്യ കിഴക്കൻ സംസ്കാരത്തിനു ഉദാഹരണമാണ്.

# പ്രചോദിക

കവിത

ദേവനന്ദ കെ ജെ

നിൻ കണ്ണിലാദ്യം കവിത കണ്ടു
എന്റെ കുഞ്ഞുമനസ്സിൽ കുറിച്ചുവച്ചു
നിൻ ചുണ്ടിലാദ്യം സ് മിതം വിരിഞ്ഞു
എന്റെ സുന്ദര സങ്കൽപ്പ വീഥി തീർത്തു.
നിന്റെ കാർക്കുന്തലിൽ ഞാൻ എന്റെയാത്മീയ
വഞ്ചിതുഴയുന്ന തിരകൾക്കു
നിലവിട്ടൊഴുകിയ എന്നെ നീ സ്നേഹത്തിൻ
മധുരം പകർന്ന് കരകയറ്റി.
അറിയാതെ എന്നിൽ കടന്നുവന്നെൻ
കരളിൽ കവിതതൻ കൂട്ടുകൂട്ടി.
ഒരുനാൾ നീ എങ്ങോ പറന്നുപോയി
പിന്നെയിതുവരെ കില്ലയോമലെ ഞാൻ.
പ്രീയ സഖി നീ തീർത്ത മരതകച്ചുടെന്റെ
ഹൃദയത്തിലിന്നും ഒഴിഞ്ഞിരിപ്പൂ.
കാണില്ല,കാണില്ല വരികില്ലയെങ്കിലും
മനസ്സിൽ കിനാവുമായ് കാത്തിരിപ്പൂ.



# പ്രഥമ ശുശ്രൂഷ

**ലേഖനം**

റസിൻ ഫാത്തിമ




First aid ( വിക്കിപീഡിയ പേജിനായി ഇവിടെ ക്ലിക്ക് ചെയ്യൂ)

ഒരു അപകടം നടന്നാലുടൻ ആദ്യം സംഭവസ്ഥലത്തെത്തുന്നയാൾ അപകടം പിണഞ്ഞയാളെ രക്ഷിക്കാനായി ചെയ്യേണ്ടിവരുന്ന പ്രാഥമിക കർത്തവ്യങ്ങളെയാണ് പ്രഥമ ശുശ്രൂഷ എന്ന് പറയുന്നത്. അപകടത്തിൽപ്പെട്ടയാളെ ആശുപത്രിയിലോ , ഡോക്ടറുടെ അടുക്കലോ എത്തിക്കുന്നതിനിടയിലുള്ള സമയത്താണ് സാധാണ പ്രഥമ ശുശ്രൂഷ നൽകാറുള്ളത്. പ്രഥമ ശുശ്രൂഷ ചെയ്യാൻ പ്രത്യേക ബിരുദങ്ങളോ മറ്റോ ആവശ്യമില്ല. അപകടത്തിൽപ്പെട്ട വ്യക്തയുടെ തൊട്ടടുത്ത ആളുകളാണ് പ്രഥമ ശുശ്രൂഷ നൽകുന്നത്. ഒരാളുടെ ആരോഗ്യത്തിൻെറ നില അപകടമാവുന്ന ഏതു സന്ദർഭത്തിലും പ്രഥമ ശുശ്രൂഷ വേണ്ടി വന്നേക്കാം. റോഡപകടങ്ങൾ, അഗ്നിബാധ, ആത്മഹത്യാശ്രമം, വിവിധ തരത്തിലുള്ള അസുഖങ്ങൾ , എന്നിവയിലെല്ലാം പ്രഥമ ശുശ്രൂഷ ആവശ്യമായി വരും.

## പ്രഥമ ശുശ്രൂഷയുടെ ലക്ഷ്യങ്ങൾ

1. ജിവൻ നിലനിർത്തുക : ഏറ്റവും പ്രധാനപ്പെട്ടതും മറ്റെന്തിനേക്കാൾ ആദ്യം പരിഗണിക്കപ്പെടേണ്ടതുമായ ലക്ഷ്യം ജീവൻ നില നിർത്തുക എന്നതാണ്.
2. അവസ്ഥ മോശമാക്കാതിരിക്കുക : അപകടത്തിൽപ്പെട്ടയാളുടെ അവസ്ഥ മറ്റു കാരണങ്ങൾ മൂലം നിലവിലെ അവസ്ഥയേക്കാൾ മോശമാവാതിരിക്കുക..
3. ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുക: പ്രാഥമിക ശുശ്രൂഷ അസുഖത്തിൽ നിന്നോ അപകടാവസ്ഥയിൽ നിന്നോ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കേണ്ടതുമാണ് . ചില അവസരങ്ങളിൽ പ്രാഥമിക ശുശ്രൂഷ കൊണ്ട് തന്നെ മേൽപറഞ്ഞ അവസ്ഥ കൈവരിക്കാവുന്നതാണ്.

## വിവിധ തരത്തിൽ ഉള്ള പ്രഥമ ശുശ്രൂഷ

### റോഡപകടങ്ങൾ

- അപകടത്തിൽപ്പെട്ടയാൾക്ക് രക്തശ്രാവമുണ്ടായൽ എത്രയും പെട്ടന്ന് അത് നിർത്താൻ വെണ്ടത് ചെയ്യുക.
- അസ്ഥി ഒടിയുകയോമറ്റോ സംഭവിച്ചതാണെങ്കിൽ ഒടിഞ്ഞത് കഴിയുമെങ്കിൽ നേരെയാക്കി ഒരു വടിയുമായി ഇതിനെ ചേർത്ത് കെട്ടുക . കയ്യിൻെറ അസ്ഥിയാണ് ഒടിഞ്ഞതെങ്കിൽ വടിവച്ച് കെട്ടിയ ശേഷം ഒരു സ്ലിംഗ് പോലെ ഉണ്ടാക്കി കഴുത്തിൽ തൂക്കിയിടണം.
- പരിക്കേറ്റയാൾക്ക് ബോധമുണ്ടോ എന്ന് നോക്കുക.ശുശ്രൂഷകൻെറ ചോദ്യങ്ങൾക്ക് അപകടത്തിൽപ്പെട്ടയാൾ കൃത്യമായി മറുപടി പറയുന്നുണ്ടെങ്കിൽ ബോധാവസ്ഥ യിലാണെന്ന് മനസ്സിലാക്കാവുന്നതാണ്
- പരിക്കേറ്റയാൾക്ക് ശ്വാസമുണ്ടോ , നാഡിമിടിപ്പുണ്ടോ എന്ന് നോക്കുക: രോഗിയുടെ മൂക്കിനു താഴെവിരൽ വച്ച് നോക്കിയൽ ശാസോച്ഛ്വാസ ഗതി മനസ്സിലാക്കാൻ കഴിയും .കൈത്തണ്ടയിൽ വിരൽവച്ചാൽ നാഡിമിഡിപ്പും അറിയാൻ കഴിയും
- അപകടത്തിൽപ്പെട്ട വാഹനങ്ങളുടെ ഇന്ധന ചോർച്ച തടയുകയും ബാറ്ററി വിച്ഛേദനം ചെയ്യുകയും ആവാം.
- അടിയന്തിര സഹായം ഉറപ്പ് വരുത്തുക: കൂടുതൽ സഹായം ലഭിക്കാനായി മറ്റുള്ളവരെ വിവരം അറിയിക്കുക.സന്ദർഭത്തിനനുസരിച്ച് കഴിയുമെങ്കിൽ തൊട്ടടുത്ത പോലീസ് സ്റ്റേഷൻ , ഫയർസ്റ്റേഷൻ ,ആശുപത്രി, എന്നിവിടങ്ങളിൽ വിവരമറിയിക്കുക , അപകടസ്ഥലത്തെപ്പറ്റിയും , തങ്ങൾ എവിടെനിന്നാണ് സംസാരിക്കുന്നതെന്നും , അപകടത്തിൽ എത്രപേർ അകപ്പെട്ടിട്ടുണ്ടെന്നും , ഏത് തരത്തിലുള്ള അപകടമാണ് നടന്നിട്ടുള്ളതെന്നും വ്യക്തമാക്കണം.

## വെള്ളത്തിൽ വീഴൽ

അപകടത്തിൽപ്പെട്ടയാളെ കാൽ ഉയരത്തിലും തല താഴ്ത്തിയും കിടത്തണം . ശ്വാസകോശത്തിൽ കയറിയ വെള്ളം വാർന്ന് പോകാൻ അനുവദിക്കുക . മൂക്കിലൂടെ ശക്തമായി നാലുതവണ ശ്വാസം നൽകുക. ഇത് ശ്വാസനാളിയിലോ ശ്വാസകോശത്തിലോ വെള്ളം തടഞ്ഞ് നിൽക്കുന്നത് ഒഴിവാക്കാൻ സഹായിക്കും. ലഭ്യമെങ്കിൽ തുണികൊണ്ട് പുതപ്പിക്കാൻ ശ്രമിക്കുക. എത്രയും പെട്ടന്ന് വൈദ്യസഹായം ലഭ്യമാക്കുക.




## പുക ശ്വസിച്ചയാളെ രക്ഷിക്കുമ്പോൾ

എല്ലാ ജനലുകളും വാതിലുകളും തുറന്നിടുക. മുറിയിൽ അപപ്പെട്ടയാളെ കഴിയുന്നത്ര പെട്ടന്ന് മുറിക്കു പുറത്ത് കൊണ്ടു വരിക . ശ്വാസഗതി, നാഡിമിടിപ്പ്, ഹൃദയത്തിൻെറ പ്രവർത്തനം എന്നിവ വൈദ്യസഹായം ലഭിക്കുന്നതുവരെ നിരീക്ഷിക്കേണ്ടതാണ്.

## പാമ്പ് കടി

പാമ്പ് കടിയേറ്റാൽ കടിയേറ്റ വ്യക്തിയെ ഇളകാനോ നടക്കാനോ അനുവദിക്കരുത്. ഇളകിയാൾ രക്ത ഓട്ടം കൂടുതലാവും . അപ്പോൾ വിഷം കലർന്ന രക്തം എല്ലാ ഭാഗത്തേക്കും വ്യാപിക്കാനും സ്ഥിതി ഗുരുതരമാവാനും സാധ്യതയുണ്ട്. കടിയേറ്റ ഭാഗം ഹൃദയത്തിൻെറ ലെവലിൽ നിന്നും താഴ്ത്തി പിടിക്കണം. കടിയേറ്റ മുറിവ് ഭാഗത്തിൽ നിന്നും ഏകദേശം അഞ്ച് ഇഞ്ച് മുകളിലായി ചരടോ, കട്ടിയുള്ള നൂലോ ബെൽട്ടോ ഉപയോഗിച്ച് രക്ത ഓട്ടം നടക്കാത്ത വിധത്തിൽ മുറുക്കി കെട്ടേണ്ടതാണ് . കഴിയുമെങ്കിൽ കടിച്ച പാമ്പിനെ തിരിച്ചറിയാൻ ശ്രമിക്കുക . അത് ചികിത്സക്ക് വളരെ പ്രധാനപ്പെട്ടതാണ്. എത്രയും പെട്ടന്ന് രോഗിയെ ഡോക്ടറുടെ അടുത്ത് എത്തിക്കുക.

## ഇടിമിന്നലേക്കൽ





ഇടിമിന്നലേറ്റ വ്യക്തിക്ക് ചലനമുണ്ടോ , സംസാരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക. അങ്ങനെയുണ്ടെങ്കിൽ വളരെ നല്ല ലക്ഷണമാണ് . നാഡിമിടിപ്പ് നോക്കുക ഇല്ലെങ്കിൽ ഹൃദയഭാഗത്തായി നെഞ്ചിൽ ശക്തിയായി അമർത്തി (AED) ഹൃദയ പ്രവർത്തനം ത്വരിതപ്പെടുത്തണം.രോഗി ബോധാവസ്ഥയിലാണെങ്കിലും, അല്ലെങ്കിലും. ഇനി ശ്വാസം കഴിക്കുന്നില്ലെങ്കിൽ കൃത്രിമ ശ്വാസോച്ഛ്വാസം നൽകണം . (CPR) മൂക്കിലൂടെ ശ്വാസം ഉള്ളിലേക്ക് കൊടുത്ത് നെഞ്ചിൽ അമർത്തി അത് പുറത്ത് കളയുക. ഇങ്ങനെ പലതവണ ആവർത്തിച്ച് രോഗി തനിയെ ശ്വാസം എടുക്കുന്നത് വരെ ചെയ്യണം .ഇടിമിന്നലേറ്റ വ്യക്തിയെ സുരക്ഷിതമായി മാറ്റി കിടത്തുക. അവയവങ്ങൾ ഓരോന്നും മെല്ലെ ഉയർത്തി നോക്കുക.ഗുരുതരമാണെങ്കിൽ അതിനനുസരിച്ച് പ്രവർത്തിക്കുക.

# മാതൃഭാഷ

കവിത

രസ്ന. കെ



മാർഗഴി പ്രാവുപോലെയെൻ

ഹൃദയത്തിൽ ചിറകടിച്ചുയരുന്ന മാതൃഭാഷ.

ഉണ്ണികണ്ണന്റെ കുസൃതികളടങ്ങിയ മാതൃഭാഷ

മലയാളമാമൻറെ മാതൃഭാഷ

പച്ചവിരിച്ചൊരു കേരള നാട്ടിലെ

ചന്തമെഴുന്നൊരു മാതൃഭാഷ

പല പല വർണ്ണങ്ങൾ പൂശിയ

പൂമ്പാറ്റകളുടെ പേർചൊല്ലുന്ന മാതൃഭാഷ

പൊന്നിൻ നിറം പൂശി നിന്നിടുന്ന

നാടിന്റെ പേരു ചൊല്ലുന്ന മാതൃഭാഷ

അക്ഷര പൂമ്പാറ്റകളെല്ലാമൊത്തു-

ചേരുന്ന മാതൃഭാഷ

മലയാള മണ്ണിന്റെ മാതൃഭാഷ.

# ഹർഗോവിന്ദ് ഖുരാന

ലേഖനം

അനുരാഗ് എം പി



ജീവന്റെ ഭാഷമനസിലാക്കാനുള്ള മനുഷ്യന്റെ അന്വേഷണത്തിനും പരീക്ഷണത്തിനും നിർണായകമായ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞനാണ് ഹർ ഗോവിന്ദ് ഖുരാന. ജനിതക എൻജിനീയറിംഗിലെ ലോകത്തിലെ ഏറ്റവും ശ്രദ്ധേയ വ്യക്തിത്വങ്ങളിലൊന്നായി പരിഗണിക്കുന്ന ഖുരാന 1922 ജനുവരി 9-ാം തീയതി ഇപ്പോഴത്തെ പാകിസ്ഥാനിൽ സ്ഥിതി ചെയ്യുന്ന പഞ്ചാബിലെ റായ്പൂരിൽ ജനിച്ചു . പിതാവ് ബ്രിട്ടീഷ് ഇന്ത്യ ഗവൺമെന്റിൽ കാർഷികാദായ നികുതി ഗുമസ്തനായിരുന്നു . മുൾട്ടാൻ ഡി.എ.വി സ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പഞ്ചാബ് സർവകലാശാലയിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി. ഭാരത സർക്കാരിന്റെ സ്കോളർഷിപ്പ് ലഭിച്ചതിനെ തുടർന്ന് ഇംഗ്ലണ്ടിലെ ലിവർപൂൾ സർവകലാശാലയിൽ നിന്ന് ഡോക്ടറൽബിരുദം നേടി. തുടർന്ന് സൂറച്ചിൽ പോസ്റ്റ്ഡോക്ടറൽ ഗവേഷണവും നടത്തി . ഭാരത്തിലെത്തി ഡൽഹി സർവകലാശാലയിൽ അധ്യാപകനാകാൻ ആഗ്രഹിച്ചെങ്കിലും അപേക്ഷ നിരസിച്ചതിനെ തുടർന്ന് വിദേശത്ത് തന്നെ ശ്രദ്ധകേന്ദ്രീകരിച്ചു. പിന്നീട് അമേരിക്കൻ പൗരത്വം നേടുകയും ചെയ്തു.

1952 ൽ കാനഡയിലെ വാൻകോവറിലെ ബ്രിട്ടീഷ് കൊളംബിയ സർവകലാശാലയിൽ അധ്യാപകനായി . ശരീരത്തിൽ ജീവശാസ്ത്ര പ്രവർത്തനത്തിന് ആവശ്യമായ 'കോഎൻസൈം എ' എന്ന രാസവസ്തു കണ്ടെത്തി. പരീക്ഷണശാലയിൽ ജനിതകരേഖ മനസിലാക്കാൻ സാധിച്ചത് ജൈവസാങ്കേതിക രംഗത്തെ അമൂല്യ നേട്ടമായി. ഈ സംഭാവനക്ക് 1968 ൽ വൈദ്യശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരം പങ്കിട്ടു . 1970 ൽ അമേരിക്കയിലെ എം.ഐ.ടിയിൽ ആൽഫ്രഡ് സ്ലോവൻ പ്രൊഫസർ എന്ന അദ്ധ്യാപക സ്ഥാനം സ്വീകരിച്ചു.



1976 ൽ ഖുറാനയുടെ നേതൃത്വത്തിലുള്ള സംഘം 'എസ്ചെരിഷ്യ കോളൈ' എന്ന ബാക്ടീരിയയിൽ പഠനം നടത്തി. ഈ കൃത്രിമ ജീൻ സംയോജനം വൻ വിജയമായിരുന്നു. പരീക്ഷണത്തെ തുടർന്ന് സ്വാഭാവിക ജീനിന്റെ രീതികളാണ് ഇത് പ്രകടിപ്പിച്ചത്. ഈ പരീക്ഷണം ജനതികശാസ്ത്ര മുന്നേറ്റത്തിലെ നാഴികകല്ലായി . ജനതികരഹസ്യം കൂടുതൽ പുറത്തുകൊണ്ടുവന്ന് ആതുരശുശ്രൂഷാ രംഗത്ത് മികച്ചനേട്ടം കൈവരിക്കാനുള്ള ശ്രമങ്ങളിലാണ് പ്രൊഫസർ ഖുരാന ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. 21-ാം നൂറ്റാണ്ട് ജൈവസാങ്കേതിക വിദ്യയുടെ നൂറ്റാണ്ടായാണ് ശാസ്ത്രസാങ്കേതിക ലോകം കണക്കാക്കുന്നത്. അതിനാൽ തന്നെ ഈ ഭാരതീയൻ സമകാലീന സാങ്കേതിക മുന്നേറ്റങ്ങളിലെ ഏറ്റവും ശ്രദ്ധേയ ശാസ്ത്രജ്ഞനാണ്.

ഹർ ഗോവിന്ദ് ഖുരാന (വിക്കി പീഡിയ പേജിനായി ഇവിടെ ക്ലിക്ക് ചെയ്യു)

# മൗനം

ഹൃദ്യ

## കവിത



നിൻറെ കണ്ണുകളിൽ
ഞാൻ തേടിയ ദിവ്യസ്നേഹം
നീലാകാശത്തിൻ ചോട്ടിൽ
സ്നേഹമൂറും നിശീഥിനിയിൽ
ഇതൾ വിടരുന്നതുംകാത്ത്
താമരമൊട്ടിൻ മനസ്
തപം ചെയ്യും പോലെ
നിശബ്ദമാം ഈ രാവിൽ
എൻറെ മനസ്സും...
മഴക്കാറൊഴിഞ്ഞില്ലല്ലോ
ആകാശം തെളിഞ്ഞമല്ലോ
ഹൃദയത്തിൽ അലകളകന്നല്ലോ
എന്നിട്ടും നിന്നിൽ മാത്രമെന്തേ
ഒരുവാക്ക് ഉറവയെടുക്കാത്തു
നിൻ മുഖം മാത്രമെന്തേ
അവാച്യം വിഷാദമയം....
എത്രയെത്ര സമരഭൂമികളിൽ
എന്നെ ഭയപ്പെടുത്തുന്ന
നൊമ്പരപ്പെടുത്തുന്ന ഈ
മൗനത്തിലും തലയെടുപ്പോടെ
വരുന്ന ഹുങ്കാരത്തിന്
ഞാൻ കാതോർക്കുന്നു.

# ആഗോളതാപനം

ലേഖനം

രമ്യ കെ ആർ


മനുഷ്യരാശി നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പ്രമുഖമായ ഒന്ന്. ഭൂമിയുടെ ഉപരിതലത്തിലും, അന്തരീക്ഷത്തിന്റെ കീഴ്ഭാഗങ്ങളിലും താപനില ഉയരുന്നതാണ് ഈ പ്രതിഭാസം കൊണ്ട് വിവക്ഷിക്കുന്നത്. 2000-ാം ആണ്ടോടെ അവസാനിച്ച ആയിരം വർഷങ്ങളിൽ, ഏറ്റവും ചൂട് കൂടിയ ശതകം 20-ാം ശ. ആയിരുന്നു; ചൂടുകൂടിയ ദശാബ്ദം 1990 കളും; വർഷം 2000 വും. 1995-ലെ ശ.ശ. താപനില, 1961 മുതൽ 1990 വരെയുള്ള മുപ്പതു വർഷ ശ.ശ. യെക്കാൾ 0.4 ഡിഗ്രിസെൽഷ്യസ് (°C) കൂടുതലും, മുൻ ശ.-ത്തിലെ അതേ കാലഘട്ടത്തെ (1861 മുതൽ 1890 വരെ) അപേക്ഷിച്ച് 0.8°C കൂടുതലും ആയിരുന്നു. 2030 ആകുമ്പോഴേക്കും, ശ.ശ. ആഗോള താപനില, വ്യാവസായിക വിപ്ലവം



ആരംഭിക്കുന്നതിനു മുൻപത്തെക്കാൾ 2°C ഉം, 2090 ആകുമ്പോഴേക്കും 4°C ഉം കൂടുതൽ ആകും. ഈ വർധന നിസ്സാരമെന്ന് തോന്നാം. പക്ഷേ, കഴിഞ്ഞ ആയിരം വർഷങ്ങളിലുണ്ടായ വർധനവ് 0.2°C മാത്രമായിരുന്നു. ഇപ്പോൾ അത്രയും വർധനവുണ്ടാകാൻ പത്തു വർഷം തന്നെ വേണ്ട. 1990 കളിലെ ശ.ശ. വാർഷിക വർധന 0.3°C ആയിരുന്നു. ഏറ്റവും ഒടുവിലത്തെ മതിപ്പുകണക്കനുസരിച്ച് 2100 - ആകുമ്പോഴേക്കും ആഗോള താപനില 1.4°C മുതൽ 5.8°C വരെ ഉയർന്നേക്കും. താപനില ഇപ്പോഴത്തേതിലും ഒരു ഡിഗ്രി കൂടിയാൽ അത്, കഴിഞ്ഞ പത്തു ലക്ഷം വർഷങ്ങളിൽ ഉണ്ടാകാത്തത്ര വർധനവായിരിക്കും.

# ഭൂമി ചൂടാകുന്നു

പ്രകാശവും താപവും വഹിക്കുന്ന സൂര്യരശ്മികൾ ബഹിരാകാശത്തു കൂടി കടന്ന് ഭൂമിയുടെ ഉപരിതലത്തിൽ പതിക്കുന്നു. ഇപ്രകാരം പകൽ സമയത്ത് പതിക്കുന്ന സൂര്യരശ്മികളിലെ ഊർജത്തിന്റെ ഏറിയ പങ്കും മേഘങ്ങളിലും സമുദ്ര ജലോപരിതലത്തിലും ഹിമാവരണത്തിലും തട്ടി പ്രതിഫലിച്ചുപോകും. ചെറിയൊരു പങ്ക്, ഭൂമിയും അതിലെ ജലവും ജീവരൂപങ്ങളും കൂടി ആഗിരണം ചെയ്യും, ഇങ്ങനെ ആഗിരണം ചെയ്യുന്ന ഊർജം ഭൂമിയുടെ താപനില ഉയർത്തുകയും അതിൻ ഫലമായി ഭൂമി ഇൻഫ്രാറെഡ് തരംഗങ്ങൾ ഉത്സർജിക്കുകയും ചെയ്യുന്നു. ഈ രശ്മികൾക്ക് ഭൂമിയിലേക്കു പതിക്കുന്ന രശ്മികളെക്കാൾ തരംഗദൈർഘ്യമുണ്ട് . പകൽ ഊർജം സ്വീകരിച്ച ഭൂമി രാത്രിയും വികിരണങ്ങൾ ഉത്സർജിച്ചുകൊണ്ടിരിക്കും . ഈ താപരശ്മികളെ, ഭൂമിയെ വലയം ചെയ്യുന്ന അന്തരീക്ഷത്തിലെ ചില വാതകങ്ങൾ ആഗിരണം ചെയ്യും. ഇതിന്റെ ഫലമായി ബഹിരാകാശത്തേക്ക് ബഹിർഗമിക്കേണ്ട ചൂടിൽ ഒരു വലിയ ഭാഗം ഭൂമിയിൽത്തന്നെ തങ്ങും.




തുടർച്ചയായ ഈ പ്രക്രിയയുടെ ഫലമായി ഭൂമിയുടെ ഉപരിതലവും അന്തരീക്ഷത്തിലെ കീഴ്ഭാഗവും ജീവയോഗ്യമായ താപനില കൈവരിക്കുന്നു. അങ്ങനെ അന്തരീക്ഷത്തിലെ ചില വാതകങ്ങൾ ഒരു നല്ല പുതപ്പിന്റെ ധർമം നിർവഹിക്കുന്നു. ഈ ധർമം നിറവേറ്റപ്പെടാതിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന് അറിയാൻ ചന്ദ്രനിലെ സ്ഥിതിയുമായി


താരതമ്യപ്പെടുത്തിയാൽ മതിയാകും. ചന്ദ്രനിലും സൂര്യരശ്മികൾ പതിക്കുന്നുണ്ട്. സൂര്യനിൽ നിന്ന് ചന്ദ്രനും ഭൂമിയും ഏകദേശം ഒരേ ദൂരത്താണ്. ഒരു നിശ്ചിത യൂണിറ്റ് സ്ഥലത്ത് ലഭിക്കുന്ന ചൂട് രണ്ടിലും ഏകദേശം സമവും. പക്ഷേ ഭൂമിയിലെ ശ.ശ. ചൂട് 15 °C ഉം, ചന്ദ്രനിലേത് മൈനസ് 18 °C ഉം. കാരണം ചന്ദ്രന് അന്തരീക്ഷം ഇല്ല. തിരിച്ച് പോകുന്ന ചൂടിനെ കുടുക്കി നിലനിർത്താനുള്ള വാതകങ്ങളുമില്ല. ചന്ദ്രനിൽ പതിക്കുന്ന മുഴുവൻ ചൂടും ബഹിരാകാശത്തേക്കു മടങ്ങിപ്പോകുന്നു; ജീവൻ നിലനിൽക്കാനുള്ള ചൂട് അവിടെ ഇല്ല.



## ഹരിതഗൃഹപ്രഭാവം

മിതശീതോഷ്ണ മേഖലകളിൽ സസ്യങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താനും , ഉഷ്ണമേഖലാസസ്യങ്ങളെ വളർത്താനും ചില്ലുമേൽക്കൂരയുള്ള ഗൃഹങ്ങൾ നിർമിക്കാറുണ്ട്. ഇവ ഹരിതഗൃഹങ്ങൾ എന്ന് അറിയപ്പെടുന്നു. ഇവയുടെ ചില്ലുമേൽക്കൂരയിൽ കൂടി, സൂര്യരശ്മികളിലെ പ്രകാശം അകത്തേക്കു കടക്കും. താപവികിരണം തടയപ്പെടും. തുടർച്ചയായി അകത്തേക്കു പ്രവേശിക്കുന്ന പ്രകാശോർജം ചൂടായി മാറും. ഈ ചൂട് മുകളിലേക്കു പോയി ചില്ലുമേൽക്കൂരയിൽ തട്ടി, പുറത്തേക്ക് കടക്കാനാകാതെ ഹരിതഗൃഹത്തിന്റെ ഉള്ളിലേക്കു തന്നെ മടങ്ങിയെത്തും. ഇത് തുടരുമ്പോൾ, ഹരിതഗൃഹങ്ങളിലെ ചൂട് ക്രമേണ വർധിച്ച് പുറത്തുള്ളതിനെക്കാൾ കൂടിയ നിലയിൽ എത്തും. ഇതിനെ ഹരിതഗൃഹപ്രഭാവം എന്നു പറയുന്നു. ഹരിതഗൃഹത്തിലേതുപോലെ, ഭൂമിയിൽ നിന്നും ബഹിരാകാശത്തേക്ക് പോകുന്ന ഉഷ്ണരശ്മികളെ , കാർബൺഡൈഓക്സൈഡ് ($CO_2$) ഉം മറ്റുചില വാതകങ്ങളും ആഗിരണം

ചെയ്ത്, തടഞ്ഞുനിർത്തി അന്തരീക്ഷത്തിന്റെയും ഭൂതലത്തിന്റെയും താപനില ഉയർത്താൻ ഇടയാക്കുന്നുണ്ട് . ഈ പ്രതിഭാസത്തെ സഹായിക്കുന്ന വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ എന്നു പറയുന്നു.




ഈ വാതകങ്ങൾ സ്വാഭാവികമായിത്തന്നെ അന്തരീക്ഷത്തിലുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ, കാർബൺഡൈഓക്സൈഡ് ($CO_2$), മീഥേയിൻ ($CH_4O$), നൈട്രസ് ഓക്സൈഡ് ($N_2O$), ഓസോൺ ($O_3$) എന്നിവയാണ്. സ്വാഭാവികമായി അന്തരീക്ഷത്തിലുള്ള $CO_2$ ആണ് പകുതിയിലധികം ഹരിതഗൃഹപ്രഭാവത്തിന് കാരണം. ഈ വാതകം ആകെ അന്തരീക്ഷ വാതകങ്ങളുടെ 0.03 ശ.മാ. മാത്രമേയുള്ളൂ. എങ്കിലും ഒരു നല്ല കരിമ്പടം പോലെ ഭൂമിയെ പൊതിഞ്ഞ് , മുകളിൽ പറഞ്ഞവിധം ചൂടിനെ തടയുന്നു . കൂടാതെ മനുഷ്യപ്രവർത്തനങ്ങളുടെ ഫലമായും ഈ വാതകങ്ങൾ അന്തരീക്ഷത്തിൽ എത്താം . ഊർജം, കൃഷി, വ്യവസായം എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങളാണ് പ്രധാനമായും $CO_2$ വമിക്കൽ വർധിക്കാൻ കാരണമാകുന്നത്. വ്യവസായവിപ്ലവം ആരംഭിച്ചതിനുശേഷം, അന്തരീക്ഷത്തിലെ $CO_2$ -ന്റെ സാന്ദ്രത 30 ശ.മാ.വും, മീഥേൻന്റെ സാന്ദ്രത ഇരട്ടിയിലധികവും, നൈട്രസ് ഓക്സൈഡിന്റേത് 15 ശ.മാ.വും, ക്ലോറോഫ്ളൂറോകാർബൺന്റേത് (CFC) 900 ശ.മാ.വും വർധിച്ചിട്ടുണ്ട് (2006). ഈ വർധനവുകളുടെ ഫലമായി ഭൂമിയുടെ അന്തരീക്ഷത്തിന് ചൂടിനെ കുടുക്കാനുള്ള കഴിവ് വളരെ അധികമായിട്ടുണ്ട് . ഓരോ വാതകത്തിന്റെയും അളവ് വർധിക്കുമ്പോൾ അവയുടെ സാന്ദ്രതയും വർധിക്കും.

# സൗഹൃദം

കവിത

അഞ്ജന കെ എൻ



എന്നുമെൻ ഹൃദയത്തിൽ സൂക്ഷിക്കുവാൻ
വിടരുമീ സൗഹൃദം വന്നണഞ്ഞു
വിടരുന്നമൊട്ടുകൾ വാടാതിരിക്കുവാൻ
തളരുമെൻ ഹൃദയം തണൽ വിരിച്ചു
വസന്തം വരുവോളം കാത്തിരുന്നു
അഴകുള്ളൊരായിരം പൂവിരിഞ്ഞു
സൗഹൃദ പരിമളം കാറ്റത്ത് വീശിനിന്നു

# അമ്മ

നിദ.എം



ജീവനുറവയാം ജനനി
ഒരുകണ്ണീർക്കണം പൊഴിക്കവെ
സ്നേഹത്തിനുറവയാം അമ്മയെ,
അമ്മതൻ സ്നേഹത്തിന മുന്നിൽ
അടിയറവു വെക്കണമെൻ ജീവിതം
ജീവനുറവിടമാം ജനനി
നിൻ മുന്നിൽ നമിക്കുന്നു ഞാൻ
ജീവശ്വാസമാണെന്നമ്മ
ജീവസ്നേഹം പകരുമെന്നമ്മ.

# കൗമാര ആരോഗ്യം

സുധ കെ രാജൻ

ആരോഗ്യം



കൗമാരത്തെ ലോകാരോഗ്യസംഘടന പ്രായത്തിൻറെയും (പത്തിനും 19 നം ഇടയ്ക്കുള്ള പ്രായം ) പ്രത്യേകതകൾ നിറഞ്ഞ ജീവിതഘട്ടത്തിൻറെയും ആധാരത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു.ഈ പ്രത്യേകതകൾ ഇവയാണ്:

1. പൊടുന്നനെയുള്ള ശാരീരിക വളർച്ചയും വികാസവും.
2. ശാരീരികവും സാമൂഹികവും മനഃശാസ്ത്രപരവുമായ പക്വത - പക്ഷേ ഇവ ഒരേസമയത്തല്ല തുടങ്ങുന്നത്.
3. ലൈംഗിക പക്വതയും ലൈംഗിക പ്രവർത്തിയും.
4. പരീക്ഷണങ്ങൾ
5. മുതിർന്ന മാനസികപ്രക്രിയ, മുതിർന്നുവെന്ന തിരിച്ചറിവ്.
6. പൂർണമായ സാമൂഹ്യ - സാമ്പത്തിക ആശ്രയത്തിൽ നിന്നും സ്വതന്ത്രത നേടുന്ന മാറ്റത്തിൻറെ കാലയളവ്.

പെൺകുട്ടികൾ പത്തിനും പതിനാറിനുമുടയ്ക്ക് വയസ്സറിയിക്കുന്നതോടെ (ആർത്തവാരംഭം) ശൈശവത്തിൽനിന്നും കൗമാരത്തിലേക്കുള്ള അവരുടെ കാൽവയ്പ്പായി. ഓരോരുത്തരും വിവിധ സമയത്താണ് മാറിത്തുടങ്ങുന്നത്. ശാരീരികമാറ്റം, പെരുമാറ്റം, ജീവിതരീതി ഒക്കെ മാറുന്നു.ഇക്കാലത്തെ മാറ്റങ്ങൾ ഇവയാണ്:

1. കൈകാലുകളും പാദങ്ങളും ഇടുപ്പും മാറിടവും വലുതാവുന്നു. ശരീരം ഉല്പാദിപ്പിക്കുന്ന ചില ഹോർമോണുകൾ പ്രത്യേക രാസ സന്ദേശവാഹകരായി ശരീരത്തോട് എങ്ങനെ വളരണമെന്നും മാറണമെന്നും നിർദ്ദേശിക്കുന്നു.
2. ഗുഹ്യഭാഗങ്ങൾ വളരുകയും ദ്രാവകം പുറപ്പെടുവിക്കാൻ തുടങ്ങുകയും ചെയ്യുന്നു.
3. ചർമ്മം കൂടുതൽ എണ്ണമയമുള്ളതാകുന്നു.
4. കക്ഷത്തും കൈകാലുകളിലും മറ്റും രോമം പ്രത്യക്ഷപ്പെടുന്നു.



ശരീരം നന്നായി പരിരക്ഷിക്കാൻ ചില ലളിതവും അടിസ്ഥാനപരവുമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

1. ആർത്തവാരംഭത്തോടെ വിയർപ്പ് കൂടും. കുളി ശരീരത്തെ വൃത്തിയുറ്റതും സുഗന്ധപ്രദവുമാക്കും.
2. ദിവസം രണ്ടുനേരമെങ്കിലും പല്ലുതേച്ചാൽ പല്ലുകൾ പുഴുക്കുന്നതും വായനാറ്റവും ഒഴിവാക്കാം.

3. രോമഗ്രന്ഥികൾ സെബം എന്ന എണ്ണമയമുള്ള വസ്തു കൂടുതൽ ഉൽപാദിപ്പിക്കുന്നതിനാൽ മുഖക്കുരു വരാനിടയുണ്ട്. മുഖക്കുരു കൗമാരത്തിൻറെ സ്വാഭാവികമായ ഒരു കൂട്ടുപിറവിയാണ്. അത് പൂർണമായി തടയാനാവില്ല. എങ്കിലും മുഖചർമ്മം കഴുകിവൃത്തിയാക്കി സൂക്ഷിക്കുന്നതാണ് ഇതിനുള്ള പ്രതിവിധി.
4. പോഷകങ്ങൾ നിറഞ്ഞ ആഹാരം നിർബന്ധമാണ്. ഒത്തിരി മിഠായിയും എണ്ണഭക്ഷണങ്ങളും ഒഴിവാക്കണം.
5. സകാരാത്മകമായി ചിന്തിക്കണം. ശരീരത്തിൻറെ ആരോഗ്യത്തിന് സുസ്ഥിരമായ മനസ്സ് ആവശ്യമാണ്.

## മാതാപിതാക്കളോട് ഒത്തുപോകൽ

കൗമാരം പല കൗമാരപ്രായക്കാർക്കും അവരുടെ മാതാപിതാക്കൾക്കും ഒത്തുപോകാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന കാലഘട്ടമാണ് . കൗമാരപ്രായക്കാർ ഓർത്തിരിക്കേണ്ട ചില കാര്യങ്ങൾ:

1. സ്വന്തം കുടുംബത്തിൻറെ മഹത്വം അറിയുക.
2. മാതാപിതാക്കളുടെ വിശ്വാസമൂല്യങ്ങൾ അറിയുന്നവരാകുക.
3. മക്കൾക്ക് ഏറ്റവും മികച്ചതിനുവേണ്ടിയാണ് മാതാപിതാക്കൾ പരിശ്രമിക്കുന്നതെന്ന് ഓർക്കുക.
4. അവരോട് സത്യസന്ധമായിരിക്കുക, തുറന്നുപറയുക.
5. അവരെ ബഹുമാനിക്കുക, അവരുടെ ക്ഷേമത്തിൽ ശ്രദ്ധിക്കുക.

## കൗമാരത്തെ അലട്ടുന്ന ആരോഗ്യപ്രശ്നങ്ങൾ

ജനസംഖ്യയിൽ ഇന്ത്യ ലോകത്ത് രണ്ടാംസ്ഥാനത്താണ് . 108.1 കോടി ജനങ്ങൾ. ഇതിൽ കൗമാരക്കാർ അതായത് ഏതാണ്ട് 22.5 ശതമാനം വരും, അതായത് 22.5 കോടി ജനങ്ങൾ. അവർ വളരെ വ്യത്യസ്തമായ സാഹചര്യത്തിലും വ്യത്യസ്തമായ ആരോഗ്യ ആവശ്യങ്ങളിലുമുള്ളവർ. യുവാക്കൾ ഏതാണ്ട് 31.1 കോടി വരും (10 മുതൽ 24 വയസ് വരെയുള്ളവർ). ജനസംഖ്യയുടെ ഏതാണ്ട് 30 ശതമാനം ആണിത്.

കൗമാരക്കാർ ഊർജസ്വലരാണ് , കുതിച്ചുയരാനും പുത്തൻ ആശയങ്ങൾ പ്രകടിപ്പിക്കാനും കഴിവുറ്റവരാണ്. അവർ ഒരു രാജ്യത്തിൻറെ ശക്തിസ്രോതസ്സാണ്. ആരോഗ്യപരമായ രീതിയിൽ പെരുമാറിയാൽ നാടിൻറെ വളർച്ചയ്ക്ക് ഉത്തരവാദികളാണ്. ഈ കാലഘട്ടത്തിൽ മരണനിരക്ക്

കുറവായതിനാൽ കൗമാരക്കാർ ആരോഗ്യമുള്ളവർ എന്നാണ് പരിഗണിക്കപ്പെടുന്നത്. എന്നിരുന്നാലും മരണനിരക്ക് കൗമാര ആരോഗ്യത്തിൻറെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു അളവുകോലാണ് . സത്യത്തിൽ കൗമാരക്കാർക്ക് ഒട്ടനവധി ആരോഗ്യപ്രശ്നങ്ങളുണ്ടാവുന്നുണ്ട്. ഇത് മരണത്തിലേക്കും അനാരോഗ്യത്തിലേക്കും പലപ്പോഴും നയിക്കുന്നുമുണ്ട്.




കൗമാരക്കാരുടെ ആരോഗ്യവികസനത്തിന് ഒത്തിരി കാര്യങ്ങൾ കൂട്ടിച്ചേർക്കേണ്ടിയിരിക്കുന്നു. അവരുടെ ആരോഗ്യപ്രശ്നങ്ങൾ , പെരുമാറ്റ വൈകല്യങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ പരിഹരിക്കാനുള്ള നടപടി വേണം . എന്തെങ്കിലും കാരണത്താൽ അവർ വ്രണിതമാകുമ്പോൾ അത് കുറയ്ക്കാൻ വേണ്ട ഇടപെടലുകൾ ആവശ്യമാണ് . ഇതിനായി വേണ്ടത്ര വിജ്ഞാനം , ശേഷിവികസനം, സുരക്ഷിതവും സഹായകരവുമായ പരിതസ്ഥിതി, അനുയോജ്യമായ ആരോഗ്യ സൗകര്യങ്ങൾ, കൗൺസലിങ് കേന്ദ്രങ്ങൾ എന്നിവ ആവശ്യമാണ്.

# മാറ്റം

ബിജിൻ ബാബു

കവിത



ഞാൻ പാടുന്ന
ഒരു പുഴയായ്
വരണ്ട് കിടക്കുമീ
ഭൂമിതൻ മാറിൽ
നീന്തി തുടിക്കുന്ന
ദാഹിച്ചിരിക്കുമെന്നോരങ്ങളിൽ
നനവാർന്നിരുന്നു.
ഞാൻ വീശുന്ന തെന്നലായ്
ഉഷ്ണത്താലുരുകുന്ന
വിടപങ്ങൾ തഴുകുന്നു.
ഇലകളാം ചെടികളിൽ
മർമ്മര ഗീതമായുണരുന്നു.
ഞാൻ.

കനലെരിയുന്ന സന്ധ്യയിൽ
ആകാശ വീഥിയിൽ
ഒരു നക്ഷത്രമായ് വിരിയുന്നു.
പകലിന്റെ യവനിക പൊങ്ങുമ്പോൾ
വിങ്ങുന്ന മുകിലിൽ
അറിയാതെ മാനമറിയുന്നു
വെളിച്ചമായ്.
ശിശിരവും വസന്തവും
കാലചക്രങ്ങളിൽ ചുറ്റിക്കറങ്ങുന്നു.
സ്വപ്നങ്ങൾ തിരയുന്നു
കൂടെ ഞാനും
അകലുന്ന ചക്രവാളങ്ങൾ പിന്നെ ഋതുക്കളും മാറിമറയുന്നു.

# നഷ്ട ബാല്യം

കവിത

അതുല്യ

ബാല്യത്തിൻറെ ഓർമ്മകൾക്കായ്
ഹൃദയത്തിൽ പരതുന്ന പക്ഷേ.....
തുടിക്കുന്ന ഹൃദയം മരിച്ചു പോയ്
എന്നാലും ദുഖിതയല്ല ഞാൻ

എന്റെ ബാല്യവും മരിച്ചിരുന്നു.
ഒരുപിടിക്കുപ്പി വളപ്പൊട്ടുകളും
കൺമഷിചെപ്പിലെ മഞ്ചാടികളും
മുറ്റത്തെ തേക്കിന്റെ പൂവും
കുരുക്കളും
തീർന്നില്ല.......
ചിരട്ടച്ചയും മണ്ണിന്റെയപ്പവും
ചളിച്ചായയും
പുല്ലപ്പേരിയും കുമിക്കല്ലടപ്പും
സ്നേഹഭാഷ്യവും
ഹൃദയംകവർന്ന കൂട്ടുകാരിയും



വിദ്യതൻ പള്ളിക്കൂടവും
എല്ലാമകലുന്ന ഇന്നെന്നിൽനിന്നും
കൗമാരത്തിൻ പടിവാതിൽക്കൽ
മറന്നു വെച്ചുവോ?
മറന്ന് പോയതോ?
ഹൃദയത്തോട് ചോദിക്കാം...
എന്നാൽ ഹൃദയം മരിച്ചുമരവിച്ചിരുന്നു.
ആ വെളുത്ത കടലാസിൽ
കറുപ്പ് വീണിരുന്നു.
പിടിച്ചു വലിച്ച തൊട്ടാവാടിയും
ചുക്കാമുള്ളുകളും കുത്തിക്കീറിയോ?
പരതുന്നു വീണ്ടും ഞാനെന്റെ നഷ്ട ബാല്യത്തെ.

# "അമ്മ"

സുധ.ടി

കഥ



കുട്ടി നിർത്തില്ലാതെ കരയുകയാണ്,അശ്രീകരം ..

അവൾ പിറുപിറുത്തു, കുട്ടി മുലപ്പാലല്ലാതെ മറ്റൊന്നും കഴിക്കില്ലാ 9 മാസം കഴിഞ്ഞു ഇനിയും മുലകുടിപ്പിക്കുക എന്ന് വച്ചാൽ കുറച്ച് കരയും പിന്നെ താനേ കിട്ടുന്നത് കഴിച്ച കൊള്ളും മുല്ലപൂവ് അതൊ പിച്ചിയൊ വച്ച കെട്ടിയാൽ പാൽ വറ്റിക്കൊള്ളും ആരോ പറഞ്ഞത് ഓർത്തു...

കുട്ടി വീണ്ടും കരയുന്നു.. ജാനുവിനോട് കയർത്തു

കൊണ്ടു പോ അസത്തിനേ അപ്പുറത്തെങ്ങാനും ഞാൻ ഉറങ്ങട്ടെ....

ജാനു കുട്ടിയെ ഉച്ചവെയിൽ ചായുന്ന പിന്നാമ്പുറത്ത് കൊണ്ടു പോയി തോളിൽ ഇട്ട് കൊണ്ടു നടന്നു കരച്ചിൽ കുറഞ്ഞു..ഓലമെടയുന്ന കാർത്യാനി തള്ള ചോദിച്ച

" എന്തേ കുട്ടിക്ക് കാലത്തു മുതൽ കരച്ചിലാണല്ലൊ മറ്റുളള കുട്ടിയീ വീട്ടിലുണ്ടന്നറിയില്ലാ എന്തു പറ്റീ?"

ജാനു സ്വരം താഴ്ത്തിപറഞ്ഞു " കുട്ടിക്ക് പൈക്കിണ്, ഇന്നു മൊല കൊടുത്തിട്ടില്ല്യ"

" അയ്യൊ എന്താ ആയമ്മയ്ക്ക് മേലായ്ക വല്ലതും?"

" ഒന്നല്ല്യാ ഇനി മൊതൽ മൊലകൊടുക്കുന്നില്ല്യാന്ന് കുട്ടിയാണെ വാശീലും."

കാർത്യാനിതള്ള അന്തം വിട്ട് നോക്കിയിരുന്നു...

അപ്പൊഴേയ്ക്ക് ശാരദേടത്തി എത്തി.

ആട്ടിന് പാൽ കുപ്പീലാക്കി കുട്ടിയെ ജാനൂന്റെ കയ്യീന്ന് വങ്ങി കുപ്പി കുട്ടിയുടെ വായിൽ വച്ചു,

റബർ നിപ്പിൾ കുട്ടി വീണ്ടും കരഞ്ഞു അപ്പോൾ വായിൽ ഇറ്റു വീണ പാൽ നുണഞ്ഞു

പിന്നെ പാൽ കുടിച്ചു.

" അയ്യോ പാവം അതിന് വിശന്നു പതം വന്നു." ജാനു പറഞ്ഞു.

" നീ പോയി ചോറുണ്ടിട്ട് വാ അതു വരെ ഞാൻ കുട്ടിയെ നോക്കി കൊള്ളാം."

പാൽ കുടിച്ചു കോണ്ട് തന്നെ കുട്ടി ഉറങ്ങി......

കുട്ടിയെ എടുത്ത് ശാരദേടത്തിയും അകത്തളത്തിലേയ്ക്ക് പോയി...

കാർത്യാനിതള്ള പിറുപിറുത്തു " ഇവറ്റകളെന്തിനാ പെറുന്നെ?" .....................

കാലം നിങ്ങി കുട്ടിക്ക് ആട്ടിൻ കുട്ടിയുടെ സ്വഭാവം നിലത്ത് നിൽക്കില്ലാ ഓട്ടവും ചാട്ടവും , കാണുന്നിടത്ത് ഒക്കെ വലിഞ്ഞു കയ്യറും വീഴകയും ചെയ്യും അതുകാണുമ്പോൾ ആയമ്മ വിളിച്ചു കൂവും

" അശ്രീകരം! നാശത്തിനു നിലത്ത് അടങ്ങിനില്ക്കരുതോ?"

ബാക്കി പിന്നെ ജാനുവിനാണ കിട്ടുക...

"അല്ല നിന്നെ ഇവിടെ തീറ്റയും തന്നിട്ടിരിക്കുന്നതെന്തിനാ?

നിനക്ക് എന്തായിത്ര മല മറിക്കുന്ന പണി. കുട്ടിയേ നോക്കിക്കൂടെ?"

ആയമ്മ ഭത്സനം തുടങ്ങിയാൽ അതൊരു വെള്ളപ്പാച്ചിലാണ്.

ജാനുവിനെ കുട്ടിയ്ക്ക് ജീവനാണ്. വൈകിട്ട് ജോലി നിർത്തി വീട്ടിലേയ്ക്ക് തിരിയ്ക്കുമ്പോൾ കുട്ടി കരച്ചിലാണ് ,

കുട്ടി കാണാതെ വേണം അവിടെ നിന്ന് പോരാൻ,അപ്പൊഴേയ്ക്ക് ശാരദേടത്തി പണികളൊക്കെ ഒതുക്കി എത്തീട്ടുണ്ടാവും ...

പിന്നെ ആട്ടിൻ പാലുകൊടുത്ത് കുട്ടിയെ താരാട്ട് പാടി ശാരദേടത്തി ഉറക്കിട്ട് എല്ലാവർക്കും അത്താഴം വിളമ്പി പാത്രം മോറി കുട്ടിയുടെ മുറിയിൽ കിടക്കാനെത്തും

ഇടയ്ക്ക് ഒന്നോ രണ്ടൊ വട്ടം കുട്ടി ഉണരും,

അപ്പൊ കുപ്പി പാലോ വെള്ളമോ കുടിക്കും വീണ്ടും ഉറങ്ങും .

ആയമ്മ പകൽ വായനയാവും മിക്കപ്പൊഴും അമ്മ കുട്ടിയെ നോക്കാറീല്ലാ ..

" ഇത്രയും പഠിച്ചിട്ട് ഞാൻ ഈ വീട്ടിൽ ചടഞ്ഞിരിക്കണോ?

ചട്ടി മെഴക്കാനല്ലാ ഞാനീ പഠിപ്പ് പഠിച്ചത് " .. ....

രാത്രികളിൽ മതിൽ ത്തുളച്ച് ശബ്ദം ഉയരുന്നത് ശാരദേടത്തി കേൾക്കുന്നത് പതിവായി .

പിന്നെ പെട്ടന്ന് ഒരു ദിവസം ആയമ്മ ഉത്സാഹവദിയായി അന്ന് എല്ലായിടവും ഓടിചാടി നടന്നു ആരേയും വഴക്ക് പറഞ്ഞില്ലാ...

വൈകിട്ട് അറിഞ്ഞു ആയമ്മയ്ക്ക് ഉദ്യോഗം കിട്ടീരിക്കുന്ന പട്ടണത്തിലേ കോളജിൽ ...
മുപ്പത്തഞ്ചു കിലൊമീറ്റർ കാറിൽ പോയി വരും ...
പണിക്കാരോക്കെ ഒന്നു നീട്ടി ശ്വാസം വിട്ടു...
ശാരദേടത്തി നാലു മണിക്കുണർന്ന പ്രാതലും ഉച്ചയൂണും തയ്യറാക്കി പകൽ തെല്ല് ആശ്വാസമായി .....

ദിവസങ്ങൾ നീങ്ങി ഉദ്യോഗസ്ഥ പെട്ടന്ന് വീണ്ടും രാത്രിയുടെ അന്ത്യ യാമങ്ങളിൽ ഒച്ചയിട്ട തുടങ്ങി..
ജോലിയെ ബാധിക്കും , പിന്നെ എന്റെ ആരോഗ്യം .

പിന്നെ പെട്ടന്ന് അറിഞ്ഞു ആയമ്മ പട്ടണത്തിലെ ആസ്പത്രിയിലാ രണ്ടാമതെ ഒരു കുട്ടി അതിപ്പൊ വേണ്ടാത്രേ



# തൊഴിലാളികളുടെ മഹത്വം

കവിത

മുരളീധരൻ പിള്ള



നിന്റെ ചെഞ്ചോരയാൽ ഒരുപാടു

വിയർപ്പിന്റെ അധ്വാനഫലം ഞാനറിഞ്ഞു

തിരഞ്ഞു നടന്ന ഞാൻ യാഥാർത്ഥ്യമറിയാൻ

യാഥാർത്ഥ്യമറിഞ്ഞു ഞാൻ ദുഖമറിഞ്ഞു

കാലചക്രം തിരിയെ പകലന്തിയോളം

പണിയെടുത്തവർ

സ്വന്തം കരുത്ത് തെളിയിക്കേ

ഉറച്ചുനിൽക്കാം പണിയായുധങ്ങളാൽ

സ്വന്തം സ്വപ്നം ദഹിക്കുകയാണല്ലോ

തളരാത്ത കൈകളാൽ നീ തീർത്ത ജീവിതം

ഒരിക്കലും തളരാതെ നെടുവീർപ്പിടാതെ

ഉറച്ചു നിൽക്കുക നിങ്ങൾ.

# ഊർജ്ജോപഭോഗം നിയന്ത്രിക്കുക

ശാസ്ത്രം

രമ്യ കെ ആർ


ചരിത്രകാരന്മാർ സംസ്കാരങ്ങളുടെ ജീവിത നിലവാരം താരതമ്യം ചെയ്യാൻ പല മാപിനികൾ ഉപയോഗിച്ച് കണ്ടിട്ടുണ്ട്, അവയിലൊന്നാണ ഒരാളുടെ ശരാശരി ഊർജ്ജോപയോഗം എത്രയാണെന്ന് നോക്കി അത് ഏറ്റവും കൂടുതലുള്ള സംസ്കാരം ബാക്കിയുള്ളവയേക്കാൾ വികസിച്ചതായിരുന്നു എന്നുള്ള അനുമാനം., ഇത്തരമൊരു നാഴി വെച്ചളക്കുമ്പോൾ ഏറ്റവും പുരോഗമിച്ച് ജീവിക്കുന്നവരാണ നമ്മുടെ തലമുറ.



ആദികാലത്ത് ഭക്ഷണവും താമസവും മാത്രമായിരുന്ന മനുഷ്യന്റെ ഊർജ്ജോപഭോഗം നിയന്ത്രിച്ചിരുന്നത്, പിന്നിട് കുടിലുകെട്ടി കുടുംബമായി ജീവിക്കാൻ തുടങ്ങിയത് മുതൽ അവർക്ക് വീട്ടുപയോഗത്തിനുള്ള ഊർജ്ജം കണ്ടെത്തേണ്ടി വന്നു, കാലക്രമേണ വ്യവസായം, ഗതാഗതം മറ്റ് സേവനങ്ങൾ എന്നിവ സംസ്കാരത്തിന്റെ ഭാഗമായി, അവയെല്ലാം ഊർജ്ജപരമായി മനുഷ്യനു വൻ ബാദ്ധ്യതകളാണ ഉണ്ടാക്കിയത്(അവ മൂലമുണ്ടായ സാമൂഹ്യ നേട്ടങ്ങളെ നമുക്ക് മറക്കാതിരിക്കാം). ആധുനിക മനുഷ്യന്റെ ഊർജ്ജാവശ്യത്തിന്റെ സിംഹഭാഗം ഗതാഗതം, വീട്ടുപയോഗം, വ്യവസായം എന്നീ മേഖലകളിലാണ വിന്യസിക്കപ്പെട്ടിരിക്കുന്നത് എന്ന് ചിത്രത്തിൽ നിന്നും മനസ്സിലാക്കാം. ഭൂമിയെ

അധികം പരിക്കേല്പിക്കാതെ, ആവാസ വ്യവസ്ഥിതി നശിപ്പിക്കാതെ നമുക്ക് എങ്ങനെ ജീവിക്കാം ? ഇവിടെ നമുക്ക് പലതും ചെയ്യാനുണ്ട് നമ്മുടെ ദിനസരി ഊർജ്ജോപഭോഗം എങ്ങനെ നിയന്ത്രിക്കാം

- യാത്രകൾക്ക് കഴിവതും പബ്ലിക് ട്രാൻസ്പോർട്ടുകൾ ഉപയോഗിക്കുക തന്മൂലം വലിയൊരളവ് ഇന്ധനം ലാഭിക്കാം (ഇതിനായി കാര്യക്ഷമമായ ഒരു സംവിധാനം ഏർപ്പെടുത്താൻ സർക്കാർ മുൻ കൈ എടുക്കണം)
- ഒരു നിശ്ചിത ദൂരത്തിൽ കുറഞ്ഞ സ്ഥലത്തേക്ക് സൈക്കിളിലോ , കാൽ നടയായോ മാത്രമേ സഞ്ചരിക്കൂ എന്ന് തീരുമാനിക്കുക , അത് നടപ്പാക്കുക. കാശ് മാത്രമല്ല ആരോഗ്യവും ലാഭിക്കാം
- വീട്ടിൽ കഴിവതും ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ വാങ്ങിക്കുക
- വാഷിംഗ് മെഷിൻ കാര്യക്ഷമമായി ഉപയോഗിക്കുക, തേപ്പ് പെട്ടി ഉപയോഗം കഴിവതും കുറക്കുക
- പകൽ സമയങ്ങളിൽ കഴിവതും ഇലക്ട്രിക് ബൾബുകൾ ഉപയോഗിക്കാതിരിക്കുക
- ഒരു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് വീട്ടിൽ സജ്ജമാക്കുക



# രക്തദാനം മഹാദാനം

ആരോഗ്യം

രക്തദാനം മഹാദാനം എന്നാണല്ലോ. അപ്പോൾ ഒരു സാമൂഹ്യ സേവനം എന്നാ അർത്ഥത്തിൽ ആണ് രക്തദാനത്തെ കാണേണ്ടതും . സാധാരണ ഗതിയിൽ നമ്മുടെ വീട്ടുകാർക്കോ സുഹൃത്തുക്കൽക്കോ രക്തം ആവശ്യമായി വരികയാണെങ്കിൽ നമ്മൾ രക്തം നൽകാറുണ്ട് . അത് നമ്മുടെ ആവശ്യം ആണെന്ന ഒറ്റ കാരണം കൊണ്ട് മാത്രമാണ്. എന്നാൽ നമ്മുടെ ആരുമല്ലാത്ത , രക്തം ആവശ്യള്ളവർക്ക് സ്വയം സന്നദ്ധമായി മുന്നോട്ടു വന്ന് രക്തം നൽകുന്ന നിരവധി ആളുകൾ നമുക്കിടയിൽ ഉണ്ട് . അതുപോലെ നിരവധി ക്ലബ്ബുകളും സന്നദ്ധ സങ്കടനകളും ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട് . എന്നാൽ രക്തദാനം എന്ത്, എങ്ങനെ എന്ന് അറിയാത്തവർ ആണ് ഭ്രരിഭാഗവും . നമ്മുടെ ശരീര ഭാരത്തിന്റെ എട്ടു ശതമാനം രക്തമാണ് . മറ്റു ശരീര കലകളിൽ നിന്ന് വ്യത്യസ്തമായി ശേഖരിക്കാനും സൂക്ഷിച്ച വെയ്ക്കാനും കഴിയും എന്നതാണ് രക്തത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ദാനം ചെയ്ത രക്തം മുപ്പത്തി അഞ്ചു ദിവസം വരെ സൂക്ഷിച്ച വെക്കാൻ കഴിയും .

Save a life
Give blood

രക്തം പല അപകടാവസ്ഥകളിലും ജീവൻ നിലനിർത്താൻ ആവശ്യമായി വരും . അതിനാൽ രക്തദാനം ഒരു ജീവൻ നിലനിർതലിന്റെ ഭാഗം ആണ് .ഒരാളുടെ ശരീരത്തിൽ സാധാരണയായി നാലര ലിറ്റർ മുതൽ ആറ ലിറ്റർ വരെ രക്തം ഉണ്ടായിരിക്കും. രക്തം ദാനം ചെയ്യുമ്പോൾ ഒരു സമയം 300 മില്ലി ലിറ്റർ മുതൽ 450 മില്ലി ലിറ്റർ വരെ മാത്രമേ എടുക്കാറുള്ളൂ . രക്തം ദാനം ചെയ്തു കഴിഞ്ഞാൽ പുതിയ രക്താണക്കൾ ഉണ്ടാകും എന്ന ഗുണം കൂടിയുണ്ട് രക്തദാനത്തിനു ശേഷം ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെയുണ്ടാവുന്നില്ല . ഇരുപത്തിനാല് മണിക്കൂർ വരെ ശാരീരികമായി അധ്വാനം പാടില്ല എന്ന് മാത്രം. ഇരുന്നു ജോലി ചെയ്യുന്നവർ, ഓഫീസ് ജോലികൾ എന്നിവ ചെയ്യുന്നവർ തുടങ്ങിയവർക്ക് ഒന്നും ഭയക്കാനുമില്ല .ഒരു തവണ രക്തം ദാനം ചെയ്തു കഴിഞ്ഞാൽ പിന്നെ മൂന്നു മാസം കഴിഞ്ഞേ അടുത്ത രക്തദാനം പാടുള്ളൂ. ഇനിയെങ്കിലും ഭയം മാറ്റിവെച്ച് രക്തദാനത്തിന് നമ്മൾ തയ്യാറാകേണ്ടതുണ്ട്.

# What they are missing and others missing and others getting?

Story

Basheer C M

Their eyes are bright.Where do they get this light from?May be the reflections of their imaginative and colourful minds.Whenever we happen to come across with the children from a general school they are busy either with their works or with their own plays.And the school compound is live always.These children are enjoying their school life really.May this opinion be contraversial to those who are over concerned with the hyginic problems.Climatic change doesnot changes their mood or spirit.They find pleasure in playing in the muddy water during the rainy season and at the same way they enjoy the thrills of dust during the winter and summer.Are these children the victim of unhealthy conditions of the school compound.

Some may suspect.But never!They regain the energy and immunity surviving all these natural physical conditions. Also there exists the behavioural changes of the existing system of learning.From the very begining,preprimary itself children develop a habit of responding themselves.Their creativity has increased a lot.So far children were byhearting the things without getting any idea.Now they are developing their own products.The inborn capabilities of each and every child has upgraded.They attain the power of being erect on their legs.Whatever existing in them are their own views. On the other hand,pupils of unaided institutions are loosing the liveliness of their childhood.Actually they are forced to be shut inside a dead enclosure,chained and kept in small minute shells.Their imaginations have no wings at all-buried thoughts suffocating them,will their parents ever identify themselves that they are destroying the lovely and lively childhood of their childrens.

# Under the shade of love

കവിത

DEEPA

ThnX
And he wandering...
Taking his little sister
In his hands
He was really in confusion was
how to console his little sister
Who is crying out of hunger-
He was her mother,
Father and
After all her guardian.
And his shining eyes
were telling the little one
“ I am here for you”
Even if he was crying in his heart
[He trying to control his sobs]
And there,in her brothers ‘ eyes
She saw a light of hope
Shelter and console.
And they never thought of
Their parents whose affection
Was really a strange thing for them
He was telling in his mind
We a;so will have a day
A day of ours.



# " एक अनजान दर्द "

കവിത

നന്ദന എസ് എൻ



यह एहसास एक अनजान दर्द की तरह है।
मैं चाहता हूं कि यह भावना मुझे बंदी बनाए रखे।
मैं इसे नहीं दूंगा, यहां तक की सभी चार मौसमों के लिए भी वसंत नहीं होगा।
यह आकर्षक के रूप में मुखौटे की जरूरत नहीं है,
यह अस्थिर सुंदर दर्द मेरा है, इसका मुझे क्या चाहिए, मुझे क्या चाहिए!
मेरी खुशी लगातार हासिल होती है,
यह भी खूब रही। कुछ अच्छा .
यह लालच नहीं किया जा सकता है!
मुझे उन्हें छोड़ने की खुशी है, मैंने एक बेहतर लेन पाया।
यह मैं रखने का इरादा रखता हूं।
किसी और के पास नहीं हो सकता, इसका मेरा!
जब मैं जागा हुआ हूं, तब यह मेरा है, जब मैं सो रहा हूं!
क्या चल रहा है। यह भावना अब एक सीधी रेखा नहीं है।
मैं इस बंधन में फँस गया हूँ, मुझे अब ठीक नहीं लगता,
और अब, मैं एक संकेत के बिना अकेला हूँ.